# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE                    J. C. CHOATE

***          ***          ***

Published by church of christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 4          April 1990          No. 1





ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നിവ നടത്തുമ്പോൾ പലരും അതിൽ ആഹ്ലാദ ഭരിതരാകാറുണ്ട്. എന്നാൽ ക്ഷേത്രങ്ങളിലും പള്ളികളിലും ഉത്സവങ്ങൾ, പെരുന്നാളുകൾ തുടങ്ങിയവ കൊണ്ടാടുമ്പോൾ അതിന്റെ ഭാഗമായി വെടിക്കെട്ടുകൾ നടത്തുന്നത് എന്തിന്? കാഴ്ചക്കാരുടെ കണ്ണുകൾക്ക് കൗതുകകരമായി ഇവ നടത്തുമ്പോൾ ശേഷം ഉണ്ടാവുന്ന പ്രത്യാഘാതം എന്തെന്നു വിലയിരുത്താത്തതു കഷ്ടം തന്നെ. ഇതുകൊണ്ട് എത്രയെത്ര ജീവിതങ്ങൾ ഒടുങ്ങിയിട്ടുണ്ട്. ഇങ്ങനെ മനുഷ്യരെ കത്തിച്ചുകളയുന്ന പണം ക്രിയാത്മകമായ പലതിനും ഉപയോഗിക്കുവാൻ ബന്ധപ്പെട്ടവർ ശ്രമിച്ചെങ്കിൽ എത്ര നന്നായിരുന്നു. ഇതുപോലെയുള്ള പ്രയോജന രഹിതമായ ആഘോഷപരിപാടികൾ നിർത്തൽ ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സാമൂഹ്യ നൻമ ലക്ഷ്യമാക്കി മനുഷ്യരുടെ പ്രാഥമികാവശ്യങ്ങൾ നിറവേററുവാൻ വേണ്ടുള്ള ഉദാരവും ഉൽകൃഷ്ടവുമായ ബോധവൽക്കരണം ഇതിനെതിരായി ഉടലെടുക്കണം. വിദ്യാസമ്പന്നരും അഭ്യുദയകാംക്ഷികളുമായ എല്ലാവരും ഈ രീതിയിലുള്ള നശീകരണ പ്രക്രിയകൾ എതിർക്കുകയും ഇല്ലാതാക്കുവാൻ മുന്നോട്ടു വരികയും ചെയ്യുക. അതിൽ ദൈവം പ്രസാദിക്കും.

പി.കെ. വർഗീസ്

# ദൈവജനം ഇന്നു അന്യഭാഷയിൽ സംസാരിക്കുമോ?

J. C. ചോട്ട്

അന്യഭാഷയിൽ സംസാരിക്കുന്നതിനെ കുറിച്ചു പറയുന്നതിൽ ലോകത്തിലെങ്ങും ധാരാളമാളുകൾക്ക് അമിതമായ ഭ്രമം ഉള്ളതായി കാണപ്പെടുന്നു. അസംഖ്യം സഭകൾ തങ്ങളുടെ അംഗങ്ങൾക്കു അന്യഭാഷ സംസാരിക്കുന്നതിനു കഴിയുമെന്നു അവകാശപ്പെടുന്നുമുണ്ട്. എന്താണ് ഈ അന്യഭാഷ? ബൈബിളിൽ ഈ വിഷയത്തെ നാം എങ്ങനെ ദർശിക്കുന്നു. ലോകം എന്തു പറയുന്നു എന്നതല്ലല്ലോ പ്രധാനം. മറിച്ച് ദൈവം എന്തു പറയുന്നു എന്നതാണ്.

ബൈബിളിൽ അന്യഭാഷയെ കുറിച്ച് വിവരിച്ചിരിക്കുന്നത് ആദ്യമായി നാം അംഗീകരിക്കണം. യേശു, തന്റെ ശിഷ്യന്മാരുമായി സംസാരിക്കുമ്പോൾ അവർ പുതു ഭാഷകളിൽ ജനത്തോടു സംസാരിക്കും എന്നു പറഞ്ഞിരിക്കുന്നു (മർക്കൊ: 16:17). തന്നെയുമല്ല, അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും. മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല, രോഗികളുടെ മേൽ കൈ വെച്ചാൽ അവർക്കു സൗഖ്യം വരും (മർക്കൊസ് 16: 17–18). ഈ സന്ദർഭത്തിൽ ക്രിസ്തു, തന്റെ അപ്പോസ്തലന്മാരോടാണ് സംസാരിക്കുന്നത്. ആ സന്ദർഭത്തിൽ അവരോടാണ് ഈ അത്ഭുതകരമായ പ്രവൃത്തികൾ അവരാൽ നടക്കും എന്നു പറഞ്ഞത്. എല്ലാവരോടുമായി പറയുന്ന ഭാഗമല്ല ഇതെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. അപ്പോസ്തലന്മാരിൽ പരിശുദ്ധാത്മാവിന്റെ ശക്തി അയക്കുവാൻ പോകുന്നതിനു മുൻപാണ് ഈ വാഗ്ദാനം കൊടുത്തത്. അതു പിന്നീട് നൽകിയതായി പ്രവൃത്തി 2-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. മർക്കൊസ് 16: 20-ൽ നാം

വായിക്കുന്നത്, "അവർ പുറപ്പെട്ടു എല്ലാടത്തും പ്രസംഗിച്ചു: കർത്താവ് അവരോടുകൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു"—എന്നത്രെ.

ഇന്നു അന്യഭാഷയിൽ സംസാരിക്കാൻ കഴിയുമെന്ന് അവകാശപ്പെടുന്നവരിൽ മററ് അത്ഭുതങ്ങൾ കൂടെ കാണണമല്ലോ. ഭൂതങ്ങളെ പുറത്താക്കുകയും, പാമ്പുകളെ പിടിച്ചെടുക്കുകയും എല്ലാം ഉൾപ്പെടുന്നു. തന്നെയുമല്ല; മരണകരമായ വിഷം കുടിച്ചാലും അവർക്കു ഒന്നും സംഭവിക്കുകയില്ല. ഇവയൊന്നും ചെയ്യുവാൻ ആളുകൾ ധൈര്യപ്പെടുന്നില്ല എന്നതു നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അതൊന്നും ചെയ്യാൻ അവരാൽ സാദ്ധ്യമല്ല എന്നതാണ് വാസ്തവം. ചിലപ്പോൾ അവർക്കു കഴിയുമെന്നു നടിച്ചേക്കാം. പക്ഷേ അതു യാഥാർത്ഥ്യമാക്കാൻ കഴിയുന്നതല്ല.

നാം അപ്പൊസ്തല പ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ കടക്കുമ്പോൾ, ക്രിസ്തു വാഗ്ദാനം ചെയ്തതനുസരിച്ച് യെരൂശലേമിലുള്ള അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവിന്റെ ശക്തി പകരുകയുണ്ടായി (യോഹന്നാൻ 15:26; 16:13). അപ്പൊസ്തലന്മാരെയാണ്; "എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്കു ഉച്ചരിപ്പാൻ നൽകിയത്പോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി (പ്രവൃത്തി 2:4) എന്നു പറഞ്ഞിരിക്കുന്നത്. അന്നു ആകാശത്തിൻ കീഴിലുള്ള സകല ജാതികളിൽ നിന്നും യെരൂശലേമിൽ വന്നു പാർക്കുന്ന യെഹൂദന്മാരായ ഭക്തിയുള്ള പുരുഷന്മാർ അവിടെയുണ്ടായിരുന്നു. അവരെല്ലാം ഇതുകേട്ടു വിസ്മയം പൂണ്ടു. കാരണം സംസാരിക്കുന്നവരെല്ലാം ഗലീലക്കാർ; കേൾക്കുന്നവരെല്ലാം വ്യത്യസ്ഥ ഭാഷകൾ വശമുള്ളവർ. എന്നാൽ ഗലീലക്കാർ സംസാരിച്ചതെല്ലാം ഓരോരുത്തർക്കും അവരവരുടെ ഭാഷകളിൽ മനസിലായി എന്നതാണ് ഇവിടെ പ്രത്യേകത. അതിനാൽ അതൊരു അത്ഭുതമായിരുന്നു. ഇതിന്റെ എല്ലാം അർത്ഥമെന്താണ്? യേശുക്രിസ്തു അവർക്കു വാഗ്ദാനം ചെയ്തതായ ഭാഷ, മററുള്ളവർ സംസാരിക്കുന്ന ഒരു ഭാഷ തന്നെ എന്നു സ്പഷ്ടം. അപ്പൊസ്തല പ്രവൃത്തി 2-ാം അദ്ധ്യായം മനസ്സിരുത്തി വായിച്ചാൽ അതു വ്യക്തമാകും. മനസിലാകത്തക്ക ഭാഷയിലായിരുന്നു. അപ്പൊസ്തലന്മാരുടെ സംസാരം എന്നുകൂടെ ശ്രദ്ധിക്കണം. വെറും സാധാരണ മനുഷ്യർക്ക് എങ്ങനെ വ്യത്യസ്ഥ ഭാഷകളിൽ സംസാരിക്കാൻ കഴിഞ്ഞു? അവർ ദൈവത്തിൽ നിന്നുള്ളവരാണെന്നുള്ളതിന്റെ അടയാളമായിരുന്നു അത്. അവരുടെ വായിൽ നിന്നും കേട്ടതെല്ലാം ദൈവത്തിന്റെ അരുള

(ശേഷം 27-ാം പേജിൽ)

# ആത്മീക വളർച്ച

എം. കെ. കുര്യൻ

മനുഷ്യൻ ബാല്യത്തിലോ, കൌമാരത്തിലോ, യൌവ്വനത്തിലോ വാർദ്ധക്യത്തിലോ ആയിരുന്നാൽ തന്നെയും ആത്മാവിനാൽ ജനിക്കുമ്പോൾ അഥവാ പുതുതായിജനിക്കുമ്പോൾ പ്രായവ്യത്യാസമില്ലാതെ അവർ എല്ലാവരും ആത്മീകമായി ശൈശവാവസ്ഥയിലാണു, (മത്താ 18;3), (യോഹ 6: 63), 1 പത്രോ 1:23)

അതായതു പുതുതായി ജനിച്ചപ്പോൾ ദൈവത്തിന്റെ ആത്മാവു അവരിൽ ഒരു ശിശുവായി ജനിച്ചു എന്നു സാരം. ആത്മാവാകുന്ന ഈ ശിശു അവരിൽ വളർച്ച പ്രാപിക്കുന്ന അവസ്ഥയാണു ആത്മീക വളർച്ച. എന്നാൽ ആത്മീക വളർച്ച പ്രാപിക്കുന്നതു എങ്ങനെ? ആത്മീക വളർച്ച പ്രാപിച്ചു എന്നതിന് തെളിവും എന്ത്? ഉന്നത വിദ്യാഭ്യാസം കഴിഞ്ഞ ശേഷം ബൈബിൾ കോളേജിൽ ചേർന്നു ബൈബിൾ മുഴുവനും പഠിച്ചാലും, ശ്രോതാക്കൾക്ക് പ്രസാദം തോന്നുന്ന നിലയിൽ വചനം പ്രസംഗിക്കുവാനുള്ള പ്രാപ്തി ലഭിച്ചാലും അപ്രകാരം തന്നെ ഉപദേശിക്കുവാൻ കഴിഞ്ഞാലും, അതുപോലെ തന്നെ പഠിപ്പിക്കുവാൻ സാധിച്ചാലും, അപ്രകാരം തന്നെ പഠിച്ചു മനസ്സിലാക്കിയാലും, ഇവയെല്ലാം ആത്മീക വളർച്ച ലഭിച്ചു എന്നതിനുള്ള തെളിവുകളല്ല. ആയതിനാൽ ആത്മീക വളർച്ച ലഭിക്കുവാനും അതു ലഭിച്ചു എന്നു മററുള്ളവർ നമ്മെക്കുറിച്ചു മനസ്സിലാക്കുവാനുമുള്ള മാർഗ്ഗം നാം കണ്ടെത്തി അതിന്നായി ഉററു ശ്രമിക്കേണ്ടതാണു.

യേശുക്രിസ്തു ഒരിക്കൽ ഇപ്രകാരം പറഞ്ഞിരുന്നു. 'നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പു കാരമില്ലാതെ പോയാൽ അതിന്നു എന്തൊന്നുകൊണ്ടു രസം വരുത്താം? പുറത്തു കളഞ്ഞിട്ടു മനുഷ്യർ ചവിട്ടുവാൻ അല്ലാതെ മറെറാന്നിന്നും പിന്നെ കൊള്ളുന്നതല്ല' എന്നും 'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു; മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല. വിളക്കു കത്തിച്ചു പറയിൽ കീഴല്ല തണ്ടിന്മേലത്രെ വെക്കുന്നതു; അപ്പോൾ അതു വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു. അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേ

ണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ” എന്നും അവൻ പറഞ്ഞിരുന്നു (മത്താ 5:13-16). കാരമുള്ള ഉപ്പു സകല ജീവജാലങ്ങൾക്കും പ്രയോജനം ചെയ്യുന്നതും അവശ്യം എല്ലാവരും കരുതിവെക്കുന്നതുമാണ്. അത് ആരും ചവുട്ടി പുറത്തുകളയാറില്ല. അതുപോലെ തന്നെ വെളിച്ചം കൊണ്ടുള്ള പ്രയോജനത്തെ പററി കൂടുതലായി വിവരിക്കേണ്ടതില്ലല്ലോ. രാത്രികാലങ്ങളിൽ വീടുകളിലും, ഇരുളടഞ്ഞ വീഥികളിൽ കൂടി സഞ്ചരിക്കുമ്പോഴും വെളിച്ചം എത്രമാത്രം പ്രയോജനം ചെയ്യുന്നു. മാത്രമല്ല. ഒരു വ്യക്തിയുടെ കയ്യിൽ ഉള്ള വെളിച്ചം ആ വ്യക്തിയുടെ കൂടെ സഞ്ചരിക്കുന്നവർക്കും പ്രയോജനം ചെയ്യുന്നു,

പുതുതായി ജനിച്ചവർ ആത്മീക വളർച്ച പ്രാപിക്കുമ്പോഴാണു ഇപ്രകാരം ഉപ്പും, വെളിച്ചവും ലോകത്തിന് പ്രയോജനപ്പെടുന്നതുപോലെ അവരും സഹവിശ്വാസികൾക്കും, സഹമനുഷ്യർക്കും പ്രയോജനമുള്ളവരായിത്തീരുന്നതു. 'നിങ്ങൾ ദൈവത്തിന്റെ കൃഷി' എന്ന് വിശ്വാസികളെ പഠിപ്പിക്കുന്നു (1 കൊരി 3:9) വളരെ ശക്തിയായി തഴച്ചു വളർന്ന ഒരു വാഴ എന്തെങ്കിലും കാരണവശാൽ അതിന്റെ ഫലം തരാതെ പോയാൽ കൃഷിചെയ്തവൻ അതു വെട്ടിക്കളക തന്നെ ചെയ്യും. ആത്മീക വളർച്ചയെ സംബന്ധിച്ചു ഈ വാഴയുടെ ദൃഷ്ടാന്തം നാം മനസ്സിലാക്കിയിരിക്കേണ്ടതാണു. പ്രസംഗിക്കുന്നവരും. ഉപദേശിക്കുന്നവരും, പഠിപ്പിക്കുന്നവരും, പഠിക്കുന്നവരും, പഠിച്ചവരും അതിനുതക്കഫലം കായ്ക്കുന്നില്ല എങ്കിൽ ഫലം നാശം തന്നേ (മത്താ 7:17–20) ഫലം കായ്ക്കുക എന്നു പറഞ്ഞാൽ അതിന്റെയർത്ഥം ആത്മാവിന്റെ ഫലം കായ്ക്കുക എന്നാണ്. ഗലാ.5; 22-23 വാക്യങ്ങൾ വായിച്ചാലും. ഇന്നു മിക്കവരിലും ഈ ഫലം മനുഷ്യർക്കു പ്രയോജനപ്പെടത്തക്ക വിധത്തിൽ കാണുന്നില്ല എന്നതു ഖേദകരവും ലജ്ജാവഹവും. ആയ ഒരു യാഥാർത്ഥ്യമാണു.

ലോകം ഇന്നു ക്രിസ്തുവിന്റെ സഭകളിലെ ഓരോ വ്യക്തിയേയും ഉററുനോക്കിക്കൊണ്ടിരിക്കുകയാണ് എന്നുള്ള സത്യം നാം ഒരിക്കലും വിസ്മരിക്കരുത്. നാമധേയ വിഭാഗങ്ങളിലെന്നപോലെ ചിലർ കാലപ്പഴക്ക (Seniority) ത്തെക്കുറിച്ചു അഭിമാനിക്കുന്നു. മററുള്ള ചിലർ അവരുടെ കഴിവിനെയും പ്രാപ്തിയെയും കുറിച്ചു സ്വയം അഭിമാനിക്കുന്നു. വേറെ ചിലർ അവരുടെ കഴിവിനെയും പ്രാപ്തിയെയും കുറിച്ചു സ്വയം അഭിമാനിക്കയും എളിയവരെ തരം താഴ്ത്തുകയും ചെയ്യുന്നു. ചിലർ അധികാരവും മുഖപക്ഷവും കാണിക്കുന്നു. മററു ചിലരോ സഹോദരന്മാരിൽ ചിലരെ മൂഢന്മാരായും നിസ്സാരന്മാരായും കണക്കാക്കി അവഗണിക്കുന്നു. പരസ്പരം സ്നേഹമില്ലാതെയും ഐക്യതയില്ലാതെയും സഭ ഇപ്രകാരം മുന്നോട്ടുപോയാൽ അതു കാരമില്ലാത്ത ഉപ്പുപോലെയും, പറയിൽകീഴു കത്തിച്ചുവച്ച വെ

ളിച്ചം പോലെയും ലോകത്തിന് പ്രയോജനമില്ലാത്ത ഒരവസ്ഥയിൽ എത്തിച്ചേരുകയും ഒടുവിൽ നാശയോഗ്യരായിത്തീരുകയും ചെയ്യും. തിരുവചനം പഠിപ്പിക്കുന്നതു ശ്രദ്ധിച്ചാലും:-"സഹോദരന്മാരേ, ഇങ്ങനെ ആയിരിക്കുന്നതു യോഗ്യമല്ല. ഉറവിന്റെ ഒരേ ദ്വാരത്തിൽ നിന്നു മധുരവും കൈപ്പുമുള്ള വെള്ളം പുറപ്പെട്ടു വരുമോ? സഹോദരന്മാരേ അത്തിവൃക്ഷം ഒലിവു പഴവും മുന്തിരിവള്ളി അത്തിപ്പഴവും കായ്ക്കുമോ? ഉപ്പുറവിൽ നിന്നു മധുരമുള്ള വെള്ളം പുറപ്പെടുകയുമില്ല (യാക്കോ 3–ാം അദ്ധ്യായം വായിച്ചാലും).

ആയതിനാൽ ആത്മീക വളർച്ച എന്നു പറയുന്നതു നമ്മുടെ വേദപുസ്തക പാണ്ഡിത്യമല്ല, പ്രസംഗത്തിന്റെ വൈഭവമല്ല, ഉപദേശം, വചനം പഠിപ്പിക്കൽ, പഠനം ഇവയുടെ സവിശേഷതയല്ല, ക്രിസ്തീയ ഗീതങ്ങൾ മുതലായവയുടെ മാധുര്യവുമല്ല. പിന്നെയോ, അത് ആത്മീക വളർച്ചയുടെ ഫലമായി നമ്മിൽനിന്നും പുറപ്പെടുന്ന ആത്മാവിന്റെ ഫലമാണു (ഗലാ. 5:22,23). പ്രസംഗത്തിലും, ഉപദേശത്തിലും, പഠിപ്പിക്കലിലും തെറ്റുകൾ വരാതിരിപ്പാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു. വചന പരിജ്ഞാനം ലഭിച്ച ഉപദേഷ്ടാക്കന്മാർ സ്വന്തമായ ഉപദേശങ്ങളും മററ് ആചാരസമ്പ്രദായങ്ങളും പഠിപ്പിക്കുന്നതു വചന വിരുദ്ധമാണ്. അപ്പൊസ്തലനായ പൗലോസ് തിമൊഥെയൊസിന് ഇപ്രകാരം എഴുതുവാൻ കാരണവും അതു തന്നെ. "നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചു കൊൾക; ഇതിൽ ഉറച്ചു നില്ക്ക: അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും" (1 തിമൊ. 4:16). മാത്രമല്ല "സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുംകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക" എന്നു പറഞ്ഞിരുന്നു (2 തിമൊ. 2:15).

പ്രിയ സഹോദരന്മാരേ, റോമർക്കു എഴുതിയ ലേഖനം പന്ത്രണ്ടാം അദ്ധ്യായവും, ഒന്നു കൊരിന്ത്യർ പന്ത്രണ്ടാം അദ്ധ്യായത്തിന്റെ പന്ത്രണ്ടുമുതൽ ഇരുപത്തിയേഴുവരെയുള്ള വേദഭാഗങ്ങൾ വായിച്ചു പഠിച്ചു അതിലെ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി അപ്രകാരം ജീവിക്കുവാൻ നമുക്കു കഴിഞ്ഞാൽ നമ്മുടെ പ്രയത്നങ്ങൾ, ഒരിക്കലും പരാജയപ്പെടുകയില്ല. എന്നാൽ ചില വിപരീത സാഹചര്യങ്ങളിൽ നമുക്കും ചില കുറവുകളും കുററങ്ങളും ഉണ്ടാകാതിരിക്കയില്ല. എന്നാൽ ആവകക്കു നാം ഒരിക്കലും അടിമപ്പെടുവാൻ ഇടവരാതെ സൂക്ഷിക്കേണ്ടതാണു. സഭയിൽ ഭിന്നത വരുത്തുന്ന കുറവുകളും കുററങ്ങളും ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തും എന്നു മനസ്സിലാക്കി അതിനു ഇടവരുത്താതെ സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരമുള്ള കുററങ്ങളും കുറവുകളും ദൈവ നാമം ദുഷിക്കപ്പെട്ടു

വൻ കാരണമായി ഭവിക്കും (തീത്തോസ് 3, 10-11). ആയതിനാൽ എല്ലാ കുറവുകളെയും കുററങ്ങളെയും കുറിച്ചു ശോധന ചെയ്തു പശ്ചാത്തപിക്കയും ദൈവത്തോടു അത് ഏററു പറഞ്ഞ് ഉപേക്ഷിച്ചു വീണ്ടും അതു ആവർത്തിക്കാതിരിപ്പാൻ പ്രാർത്ഥനാ ജീവിതത്തിൽകൂടി കിണഞ്ഞു പരിശ്രമിക്കയും സ്നേഹത്താൽ പരസ്പരം ക്ഷമിക്കയും സഹിക്കയും ചെയ്തുകൊണ്ടു തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയുടെ മേൽ ജയം പ്രാപിക്കുവാൻ നാം എല്ലാവരും ഉററു ശ്രമിക്കയും വേണം.

'അറിവു ചീർപ്പിക്കുന്നു- സ്നേഹമോ ആത്മീക വർദ്ധന (വളർച്ച) വരുത്തുന്നു (1 കൊരിന്ത്യർ 8: 1).

ദൈവ വചനം പഠിക്കയും മനസ്സിലാക്കുകയും അതിനു തക്ക പ്രവൃത്തിയും നമുക്കു ഉണ്ടായാൽ ആത്മീക വളർച്ച നമ്മിൽ ഒരു യാഥാർത്ഥ്യമായിത്തീരും (യാക്കോ 1: 22, 25). അതിന്നു നമുക്കെല്ലാവർക്കും ദൈവം കൃപ നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# കുടുംബ പ്രശ്നങ്ങൾ

## 1; ഒരു ക്രിസ്തുവിശ്വാസി

ജന്മസ്ഥലം ഭാരതത്തിന്റെ തെക്കേ അററം. ജീവിതത്തിൽ ഭൂരിഭാഗവും ഭാരതത്തിന്റെ ഇതര സംസ്ഥാനങ്ങളിലാണ് ചെലവഴിച്ചത്. സ്ഥിര വരുമാനമുണ്ടായിരുന്ന കാലത്ത് ഞാൻ എല്ലാവരേയും ഉദാരമായി സഹായിച്ചിരുന്നു. എന്നാൽ ഞാൻ ഇന്ന് ഒരു തീരാ രോഗിയായിതീർന്നു. ഭാര്യക്കു ഞാൻ ഭാരമായി. മക്കൾക്കും അവരുടെ പങ്കാളികൾക്കും ഞാൻ ഒരധികപ്പററായിതീർന്നിരിക്കുന്നു. എനിക്കു ജോലി ചെയ്യുവാനോ വരുമാനമുണ്ടാക്കുവാനോ നിർവ്വാഹമില്ല. പരസ്സഹായം കൂടാതെ ജീവിക്കുവാൻ പ്രയാസം. മാനസികമായി എന്നെ തളർത്തുന്നത്, എന്നെ സ്നേഹിക്കാൻ എന്റെ കുടുംബത്തിൽ ആരുമില്ല.

പലപ്പോഴും ഇങ്ങനെ ജീവിക്കുന്നതിലുള്ള അർത്ഥശൂന്യത നിമിത്തം ആത്മഹത്യ ചെയ്താൽപോലും എന്തെന്നു ചിന്തിച്ചു പോയിട്ടുണ്ട്. അത് തെറ്റാണെന്ന് അറിയാം. പക്ഷെ എന്തു ചെയ്യാം. ഇതിനു പരിഹാരമെന്താണ്? ഞാൻ മാത്രം വിചാരിച്ചാൽ ഈ പ്രശ്നങ്ങൾ മാറുകയില്ലല്ലോ. നീറി നീറി പുകയുന്ന എന്റെ ഈ ജീവിതത്തിൽ എന്നെങ്കിലും ഒരു പ്രകാശം പൊട്ടിവിരിയുമോ? ഞാൻ ഒരിക്കലും ദൈവത്തെ പഴിക്കുകയോ നിന്ദിക്കുകയോ ചെയ്യുന്നില്ല. എന്റെ ദുഃഖകരമായ അവസ്ഥ ഒന്നു മാറി കിട്ടിയിരുന്നുവെങ്കിൽ എന്നാണ് എന്റെ പ്രാർത്ഥന. പട്ടിണി കിടന്നാലും സാരമില്ല. എല്ലാവരും എന്നെ അവഗണിക്കുന്നതു കൊണ്ടാണ് ഞാൻ വിഷമിക്കുന്നത്. ഇതുപോലുള്ള തുല്യദുഃഖിതർ വേറെ കണ്ടേക്കാം.

ബൈബിൾ ട്രൂത്തിലൂടെ ഈ കുടുംബ പ്രശ്നത്തിന് ഒരു പരിഹാരം നിർദ്ദേശിച്ചു തരുവാൻ താഴ്മയായി അപേക്ഷിക്കുന്നു.

എന്ന്
വിനീതൻ

പരിഹാരം:—

ഉത്തരവാദിത്വമുള്ള ഒരു ഭർത്താവ് തന്റെ ഭാര്യയെയും മക്കളെയും പുലർത്തേണ്ടതാണ്. അവർക്കായി കരുതുകയും ചെയ്യേണ്ടതാണ്. ആ ഒരു കുറവ് ഈ ഭർത്താവിൽ നാം കാണുന്നു. എന്നാൽ ഈ ആപൽഘട്ടത്തിൽ മുൻപ് സമ്പാദിച്ചില്ല എന്ന കുറ്റത്താൽ അയാളെ സ്നേഹിക്കാതിരിക്കുകയോ ശുശ്രൂഷിക്കാതിരിക്കുകയോ ചെയ്യുന്നത് തെറ്റാണ്. അവരുടെ അഭിപ്രായമോ ചിന്തകളോ ഒന്നും അറിയാതെ അവരെ കുറ്റപ്പെടുത്തുന്നത് ശരിയല്ല. തിന്മയെ നന്മകൊണ്ട് നേരിടുക, അവർ നിങ്ങളെ വെറുത്താലും നിങ്ങൾ അവരെ സ്നേഹിക്കുക. രോഗിയാണെങ്കിലും നിങ്ങളാൽ ആവുന്നതു ചെയ്തുകൊണ്ടു അവരെ സഹായിക്കുക. അവരുടെ പ്രതീക്ഷകൾക്കു മുൻതൂക്കം കൊടുക്കുക. അധികം പ്രതീക്ഷിക്കാതിരിക്കുക.

നിങ്ങൾ നിത്യരോഗിയായതിനാൽ ആണ് നിങ്ങളെ അവർ അവഗണിക്കുന്നത് എന്ന അപകർഷതാ ബോധം നീക്കി കളയുക. ലഭിക്കാത്തതിൽ പ്രതീക്ഷയുണർത്താതെ ലഭിക്കുന്നതിൽ സംതൃപ്തിയടയുക. കോപം അടക്കുവാൻ ശീലിക്കുക. പ്രാർത്ഥനയിലും ബൈബിൾ വായനയിലും ഉറ്റിരിക്കുക. ദൈവത്താലുള്ള ആശ്വാസത്തിനായും സമാധാനത്തിനായും കാത്തിരിക്കുക. നിങ്ങൾക്കു വേണ്ടി, നിങ്ങളുടെ ഭവനത്തിൽ എല്ലാവരുടേയും മനസ്സലിവിനും സ്നേഹത്തിനും വേ

(ശേഷം 23-ം പേജിൽ)

# സഭകളും സഭാദ്ധ്യക്ഷന്മാരും

## ജെ. ഫ്രാൻസിസ്

(കഴിഞ്ഞലക്കം തുടർച്ച)

ബൈബിൾ:—

അവൻ യഥാർത്ഥമായി മരിച്ചു. (യോഹ: 19;33 റോമ: 5:8; 14:9; 15:3)

VI ക്രിസ്തുവിന്റെ രക്തം പാപിയുടെ പാപങ്ങളെ കഴുകിക്കളയുന്നില്ല. യേശുവിന്റെ ഭൗതികമായ രക്തത്തിനു പാപങ്ങളെ കഴുകികളയുന്നതിനുള്ള ശക്തിയില്ല. അവൻ ദിവസവും അവന്റെ പിതാവിന്റെ പ്രവൃത്തികളിൽ വ്യാപൃതനായിരുന്നു. അപ്പോൾ അവന്റെ ഞരമ്പുകളിലൂടെ ഒഴുകിയിരുന്ന രക്തത്തിനു ഉണ്ടായിരുന്ന ശക്തിയേക്കാൾ കുറവായിരുന്നു ശപിക്കപ്പെട്ട വൃക്ഷത്തിൽ ചൊരിഞ്ഞ രക്തത്തിന്. ഇതിനു പാപങ്ങളെ കഴുകികളയാനുള്ള ശക്തി ഇല്ലായിരുന്നു. (SPH: 25;6-9)

ബൈബിൾ:—

ക്രിസ്തുവിന്റെ രക്തത്താൽ നമ്മുടെ പാപങ്ങൾ കഴുകപ്പെട്ടിരിക്കുന്നുവെന്നു ബൈബിൾ പറയുന്നു. (റോമ 5:9; കൊലോ: 1:20; എബ്രാ: 10:4-12; 1 യോഹ: 1:7)

VII ഭൗതികമായി യേശുക്രിസ്തു മരണത്തിൽ നിന്നു ഉയർത്തിട്ടില്ല. ആദ്ധ്യാത്മികമായി അവൻ ശവകടീരത്തിൽ മാംസത്തിലും അസ്ഥിയിലും നിന്നു ഉയർത്തെഴുന്നേററു. (SPH. 313:26-30)

ബൈബിൾ:-

അവൻ ഭൗതികമായി മരണത്തിൽ നിന്നും ഉയർത്തെഴുന്നേററു. (ലൂക്ക് 24:39—43; യോഹ: 20:26—29).

VIII ശാരീരിക രൂപത്തിൽ യേശു തിരികെ വരുകയില്ല. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് ക്രിസ്തീയ ശാസ്ത്രത്തിലെ ദൈ

വത്തിന്റെ പുരോഗമന ആശയങ്ങളുടെ ആദ്ധ്യാത്മിക വര വാകുന്നു (SPH: 70:20—22).

ബൈബിൾ:-
സ്വർഗ്ഗത്തിൽ കയറി പോയതുപോലെ തന്നെ അവൻ വീണ്ടും വരും. (അ.പ്ര: 1:11)

## പരിശുദ്ധാത്മാവ്

പരിശുദ്ധാത്മാവ് ദൈവിക ശാസ്ത്രമാകുന്നു. യോഹന്നാന്റെ വാക്കുകളിൽ മറ്റൊരു ആശ്വാസകനെ ഞാൻ (യേശു) നിങ്ങൾക്കു അയക്കും. അവൻ എന്നന്നേക്കും നിങ്ങളോടുകൂടി വസിക്കും. ആ ആശ്വാസദായകൻ ദൈവിക ശാസ്ത്രമാണെന്നു മിസിസ് എഡ്ഡി പഠിപ്പിക്കുന്നു. (SPH 55:27—29)

ബൈബിൾ:-
ആത്മാവിനെ അയക്കുമെന്നു ക്രിസ്തു പറഞ്ഞു. (യോഹ: 16:13 14,27) ആത്മാവ് നിങ്ങളോടുകൂടി വസിക്കുമെന്നു പൗലോസ് പറയുന്നു. (1കൊരി: 3:16; 6:19; 2 തിമോ: 1:14).

## ത്രിത്വം

ദൈവത്തിൽ മൂന്നു വ്യക്തികൾ ഇല്ല. (SPH 256:9—11; 515:17-19)

ബൈബിൾ:-
1) നമ്മുടെ രൂപത്തിൽ നമുക്കു മനുഷ്യനെ സൃഷ്ടിക്കാമെന്നു ദൈവം പറഞ്ഞു. (ഉല്പ: 1:26)

2) ദൈവത്തിലെ മൂന്നു വ്യക്തികളുടെ നാമത്തിൽ സ്നാനം നൽകുന്നതിനായി ക്രിസ്തു കല്പിച്ചു (മത്താ: 28:19).

3) ദൈവ വ്യക്തിയുടെ രൂപത്തിൽ ക്രിസ്തു വന്നു. (എബ്രാ: 1:3)
മൂന്നു വ്യക്തിത്വങ്ങൾ ഉൾക്കൊള്ളുന്ന ഒരു വ്യക്തിയാകുന്നു ദൈവം.

## പിശാച്

തെറ്റും കളവും കൂടി ചേർന്നതാണ് പിശാച്. മനുഷ്യമനസ്സിന്റെ വിശ്വാസങ്ങളെ കൊള്ളയടിക്കുകയും അടിമപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായി ഉളവായ ഒരു വ്യക്തിയാണ് പിശാച് (SPH 584: 17-19; 187:10-12).

ബൈബിൾ:,

1) പിശാച് ഉണ്ടെന്നു ബൈബിൾ പറയുന്നു. (വെളി 12:9, 12; മത്താ: 4:11; ലൂക്ക് 22:31)

2) പിശാച് അസത്യവാദിയാകുന്നുവെന്നു ക്രിസ്തു പറഞ്ഞു. (യോഹ: 8:44).

## പാപം

I പാപത്തിൽ വീഴുന്നതിനു, മനുഷ്യനു ഒരിക്കലും സാധിക്കുകയില്ല. അവൻ പാപത്തിൽ ജനിക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല. അവന്റെ സ്ഥാനം ഉയർന്നതാണ്. അവിടെനിന്നും താഴേക്കു നിപതിക്കുവാൻ അവനു ഒരിക്കലും സാധിക്കുകയില്ല (SPH 258:27—30) മനുഷ്യൻ പരിപൂർണ്ണനും അനശ്വരനുമാണെന്നു ആദ്ധ്യാത്മിക സത്യം വെളിപ്പെടുത്തുന്നു (SPH 428:22.23).

II പാപം ഒരു മിഥ്യയാകുന്നു. പാപത്തിന്റെ ഫലങ്ങളാണു രോഗം, മരണം എന്നു പറയപ്പെടുന്നു. യഥാർത്ഥത്തിൽ ഇവയെല്ലാം ഭൗതിക മനസ്സിന്റെ ഓരോ അവസ്ഥകളാകുന്നു. (SPH 283;8-11)

ബൈബിൾ:-

1) പാപം ചെയ്യാത്ത മനുഷ്യൻ ഇല്ലായെന്നു ബൈബിൾ പറയുന്നു (1രാജ: 8:46),

2) മനുഷ്യൻ പാപിയാണെന്നു ക്രിസ്തു പറയുന്നു (ലൂക്ക് 7:4)

3) പരിശുദ്ധാത്മാവ് പാപത്തെ കുറിച്ചു ലോകത്തിനു ബോധ്യംവരുത്തും (യോഹ: 16:8).

4) എല്ലാവരും പാപംചെയ്തു ദൈവതേജസ് ഇല്ലാതാക്കിയെന്നു പൗലോസ് പറയുന്നു (റോമ: 3:23)

5) അപ്പോസ്തലനായ യോഹന്നാൻ പറയുന്നു നമുക്കു പാപമില്ലായെന്നു പറയുന്നുവെങ്കിൽ നാം കള്ളം പറയുകയും നമ്മെതന്നെ സ്വയം വഞ്ചിക്കുകയും ചെയ്യുന്നു (1 യോഹ; 1:8,9)
അതിനാൽ ഇവിടെ ക്രിസ്തീയ ശാസ്ത്രം വഞ്ചിക്കുകയും കള്ളം പറയുകയും ചെയ്തിരിക്കുന്നു.

III പാപത്തിൽ നിന്നു ഒഴിയുന്നതിനു സങ്കല്പ സൃഷ്ടിയായ പാപത്തെ ഇല്ലാതാക്കുകയാണു വേണ്ടത്. (SPH 339:28-30)

ബൈബിറം:-
ഭൂമിയിൽ പാപങ്ങളെ മോചിപ്പിക്കുവാൻ മനുഷ്യപുത്രനു അധികാരമുണ്ട്. (മത്താ: 9:6. കൊളൊ: 2-13; എഫേ: 1-7)

IV മനുഷ്യനു പാപം ചെയ്യുവാൻ കഴിയുകയില്ല. (SPH 475:28) മനുഷ്യാത്മാവ് ദൈവികത്വം നിറഞ്ഞതാണ്. അതിനാൽ മനുഷ്യന് ഒരിക്കലും പാപം ചെയ്യുവാൻ കഴിയുകയില്ല. (SPH 481:28)

ബൈബിറം-
എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി തീർന്നു (1 രാജാ; 8:46; റോമ: 3:23)

V രോഗം വേദന എന്നിവ ഈ ലോകത്തിൽ ഇല്ല. പാപം രോഗം മരണം ഇവ ഭൗതിക വ്യാമോഹത്തിന്റെ അവസ്ഥകളാകുന്നു. (SPH 285:8,9,11) മനുഷ്യൻ ഒരിക്കലും രോഗിയല്ല. (SPH 393:29) രോഗം അവന് ഒരിക്കലും ഉണ്ടായിരിക്കുകയുമില്ല. (SPH 421:18)

ബൈബിറം-
അവൻ വിവിധ രോഗം ബാധിച്ചവരേയും ഭൂതഗ്രസ്ഥരേയും സുഖപ്പെടുത്തി. (മത്താ: 4:24; മാർക്ക് 6:5: യോഹ: 4:46)

VI വാർദ്ധക്യം ഉണ്ടാകുന്നുവെന്നത് മിഥ്യയാണ്. നിയമപ്രകാരമോ പ്രകൃതിയുടെ ആവശ്യപ്രകാരമോ അല്ല വാർദ്ധക്യം ഉണ്ടാകുന്നത്. അതുവെറും മിഥ്യയാണ്. (SPH 245:30,31)

ബൈബിറം-
യാക്കോബിന്റെ കണ്ണ് വയസ്സുകൊണ്ടു മങ്ങി കാണാൻ കഴിയാതിരുന്നു. (ഉല്പ: 48:10: സർവ്വാ:16:31)

VII മരണം ഉണ്ടായിരിക്കുകയില്ല. ലാസർ ഒരിക്കലും മരിച്ചിട്ടില്ലയെന്നു ഗ്രഹിക്കും യേശു മനസ്സിലാക്കിയതുകൊണ്ടാണ് ലാസറിനെ ഉയർപ്പിച്ചത് (SPH 75;13-15) മനുഷ്യനു പാപിയാകാനോ രോഗിയാകാനോ മരിക്കാനോ കഴിയുകയില്ല. (SPH 457:28) മരണം വെറും മിഥ്യയാകുന്നു. (SPH 584:9)

ബൈബിറം—
1) ആരംഭം മുതൽ മനുഷ്യൻ മരിച്ചു (ഉല്പ: 5:1–5)
2) ലാസർ മരിച്ചുവെന്നു യേശുക്രിസ്തു വ്യക്തമായി പറഞ്ഞു. (യോഹ:11:14)
3 മനുഷ്യർ ഒരിക്കൽ മരിക്കണമെന്നു വിധിച്ചിരിക്കുന്നു; (എബ്രാ: 9;27)

VIII വംശപാരമ്പര്യം, ലൈംഗിക അടിസ്ഥാനത്തിലല്ലാ നിലനിൽക്കുന്നതെന്ന് പഠിക്കപ്പെടുന്നതുവരെ വിവാഹം തുടരേണ്ടതാകുന്നു (പ്രംനം 1893). എല്ലാവരുടെയും പിതാവ് ദൈവമാണെന്ന് പഠിക്കപ്പെടുന്നതുവരെ വിവാഹം തുടരേണ്ടതാണ്. (പ്രംനം 1906 1917;64;26,27). കാലം പക്വതയിൽ എത്തുന്നതുവരെ മനുഷ്യവളർച്ച, വിവാഹം, സന്താനോല്പാദനം ഇവ തുടരേണ്ടതും ക്രിസ്തീയ ശാസ്ത്രത്തിൽ അതു വിലക്കുവാൻ പാടില്ലാത്തതുമാകുന്നു. (SPH 286;6–8) ദൈവം മനസ്സിലൂടെ എല്ലാവരേയും സൃഷ്ടിച്ചു. എല്ലാവരേയും പൂർണ്ണതയുള്ളവരും നിത്യതയുള്ളവരുമാക്കി മാററി. അതിനാൽ പുനസൃഷ്ടി ആവശ്യമാണ്. (SPH 205;12-14)

ബൈബിറം-

1) മനുഷ്യൻ സന്താനപുഷ്ടിയുള്ളവരായി പെരുകുവാൻ ദൈവം കല്പിച്ചു (ഉല്പ: 1:26-28)

2) ആത്മാവ് വ്യക്തമായി പറയുന്നു ഭാവികാലത്തു ചിലർ വ്യാജാത്മാക്കളേയും ഭൂതങ്ങളുടെ ഉപദേശങ്ങളേയും ആശ്രയിച്ചു വിശ്വാസത്തിൽ നിന്നും അകന്നു വിവാഹം പാടില്ലായെന്നു പഠിപ്പിക്കും (1 തിമോ: 4:1-3).

# വിവാഹമോചനം

വിവാഹമോചനം ശരിയാകുന്നു. ഒരു പുരുഷനും ഒരുസ്ത്രീയും വിവാഹ ഉടമ്പടി സ്വീകരിച്ചുകൊണ്ടു വിവാഹബന്ധത്തിലേക്കു കടക്കുന്നു. ക്രിസ്തീയ ശാസ്ത്രപ്രകാരം ഈ ഉടമ്പടികരം അനുസരിക്കുന്നതിനുള്ള കടമകറം മാത്രമേ അവർക്കുള്ളു. രണ്ടുപേരുടേയും പരസ്പര സമ്മതത്തോടു കൂടിയോ നിയമപരമായോ ഈ ഉടമ്പടികറം അവർക്ക് അവസാനിപ്പിക്കാവുന്നതാണ് (SPH 297:18 25)

ബൈബിറം-

പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനും ഉപേക്ഷിച്ചവളെ വിവാഹം ചെയ്യുന്നവനും വ്യഭിചാരം ചെയ്യുന്നു. (മത്താ: 5:31,32;19:8-9)

# കുട്ടികൾ

കുഞ്ഞുങ്ങറം ആത്മീയ ചിന്തകറം, ജീവിതം, സത്യം, സ്നേഹം എന്നിവയുടെ പ്രതിനിധികളാകുന്നു.

ബൈബിരം-

കുഞ്ഞുങ്ങരം ദൈവം തരുന്ന അവകാശവും പ്രതിഫലവുമാകുന്നു (സങ്കീ:127:3-5).

## ക്രിസ്തീയ ശാസ്ത്രം വിട്ടുകളഞ്ഞിരിക്കുന്ന കാര്യങ്ങരം

I സ്നാനം—അവർ ഇതുവിട്ടുകളഞ്ഞുവെങ്കിലും ബൈബിളിൽ ക്രിസ്തു ഇതു ആജ്ഞാപിക്കുന്നു. ഇതിനെ അനുസരിക്കുന്നവർക്കു അവൻ രക്ഷ വാഗ്ദാനം ചെയ്യുന്നു (മത്താ: 28:19,20; മർക്കൊ 16:15 16; മത്താ: 3:13; അ:പ്ര:2:38; 8:36 39; 22:16; 1കൊരി: 12:13; ഗലാ: 3:27; 1പത്രൊ: 3:21).

II കർത്താവിൻെറ അത്താഴം ബൈബിളിൽ ഇതിനെ കുറിച്ചു പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. 1) ആഴ്ചതോറും കർത്താവിൻെറ അത്താഴം ആചരിക്കുന്നതിനു ബൈബിരം ആജ്ഞാപിക്കുന്നു (അ:പ്ര: 2:42; 20:7; 1കൊരി: 11: 23—29).

നിങ്ങരം ഇതു ചെയ്യുന്നില്ലായെങ്കിൽ നിങ്ങളിൽ ജീവൻ ഉണ്ടായിരിക്കുകയില്ല (യോഹ: 6:53).

III രക്ഷയുടെ ദൈവീക പദ്ധതി, ഇതു അവർ അപ്പാടെ വിട്ടുകളഞ്ഞിരിക്കുന്നു. എന്നാൽ ബൈബിരം പറയുന്നതു ഇപ്രകാരമാണ്.

1) ദൈവത്തിലുള്ള വിശ്വാസവും യേശുക്രിസ്തു അവൻെറ പുത്രനാണെന്നുള്ള വിശ്വാസവും (എബ്രാ: 11:6; യോഹ: 14:1).

2) മനസ്താപം (ലൂക്കൊ 13:3; അ:പ്ര: 17:30; 2 പത്രൊ: 3:9).

3) ക്രിസ്തുവിനെ ഏററു പറയുന്നത്. (മത്താ: 10: 32,33: റോമ: 10: 9,10).

4) സ്നാനം (മത്താ: 28: 19,20; മർക്കൊ 16:15,16; യോഹ:3: 5; റോമ: 6: 3-5; ഗലാ: 3:27; 1 പത്രൊ: 3: 21).

5) അപ്പോസ്തലന്മാരുടെ ഉപദേശങ്ങളും കൂട്ടായ്മയും അപ്പം നുറുക്കലും തുടരേണ്ടതാകുന്നു (അ: പ്ര: 2: 42).

6) എല്ലാ ക്രിസ്തീയ അനുഗ്രഹങ്ങളും വർദ്ധിപ്പിക്കേണ്ടതാകുന്നു (2 പത്രൊ: 1: 5-11)

ബൈബിളിലെ കാര്യങ്ങരംക്കു പകരം ക്രിസ്തീയ ശാസ്ത്രത്തിൽ കൂട്ടി ചേർത്തവ.

I പേര് — ക്രിസ്തീയ ശാസ്ത്രം

ബൈബിറം—1) ദൈവസഭ (അ: പ്ര: 20:28; 1കൊരി: 1:2).

2) ജീവനുള്ള ദൈവത്തിന്റെ സഭ (1തിമോ: 3:15).

3) ആദ്യ ജാതരുടെ സഭ (എബ്രാ: 12:23).

4) ക്രിസ്തുവിന്റെ ശരീരം (എഫേ: 4:12; 5:23; കൊലൊ: 1:24).

5) ക്രിസ്തുവിന്റെ സഭ (റോമ: 16:16; എഫേ: 5:23).

II സഭാംഗങ്ങളുടെ പേര്. പ്രത്യേകമായ പേര് ഇല്ല.

ബൈബിറം 1 ശിഷ്യന്മാർ (അ: പ്ര: 11: 26)

2 വിശുദ്ധന്മാർ (ഫീലി: 1:1).

3 സഹോദരന്മാർ (1കൊരി: 15:6)

4 ക്രിസ്ത്യാനികരം (അ: പ്ര: 11:26; 26:28; 1പത്രോ: 4:16).

ക്രിസ്ത്യാനികരം എന്ന നാമത്തിനാണു പ്രാധാന്യമുള്ളത്. എന്തുകൊണ്ടെന്നാൽ ശിഷ്യന്മാർ, വിശുദ്ധന്മാർ, സഹോദരൻമാർ എന്നീ നാമങ്ങരം യഹൂദന്മാരുടെ മദ്ധ്യേ പൊതുവായതാകുന്നു. എന്നാൽ ക്രിസ്ത്യാനികരം എന്ന നാമം തികച്ചും പുതുമയുള്ളതാകുന്നു- (യെശ: 62: 1 2; (അ: പ്ര: 11:26). സഭയിലെ അംഗങ്ങരം ക്രിസ്തുവിനോടു വിവാഹം ചെയ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ ആ ബന്ധം കാണിക്കുന്നതിനു ക്രിസ്തുവിന്റെ നാമം നാം വഹിച്ചിരിക്കേണ്ടതാകുന്നു. (റോമ: 7: 4).

III ബൈബിളിനോടുകൂടി ശാസ്ത്രവും ആരോഗ്യവും അവർ കൂട്ടിച്ചേർത്തു. അനേക തവണ ശാസ്ത്രവും ആരോഗ്യവും ബൈബിളിൽ നിന്നും വ്യതിചലിച്ചിരിക്കുന്നു.

IV ക്രിസ്തുവിന്റെ അധികാരത്തിനുപകരം ഉള്ളതാകുന്നു മിസ്സിസ് എഡ്ഡിന്റെ അധികാരം

ബൈബിറം—1) സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും അവനു നൽകിയിരിക്കുന്നുവെന്നു ക്രിസ്തു പറഞ്ഞു (മത്താ: 28:18). എല്ലാം അതിൽ അടങ്ങിയിരിക്കുന്നു.

2) ദൈവം സത്യവാനും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരുമാകുന്നു (റോമ: 3:4).

കഴിഞ്ഞ ലേഖന പരമ്പരകളിൽ പല ക്രിസ്തീയ സഭാ വിഭാഗങ്ങളേയും സഭാദ്ധ്യക്ഷന്മാരെയും കുറിച്ചു ഞാൻ പ്രതിപാദിച്ചിരുന്നു. ആ പരമ്പരകളിൽ പ്രതിപാദിക്കുവാൻ കഴിയാതെ പോയ പല സഭാവിഭാഗങ്ങളും ഇന്നും നമ്മുടെ മദ്ധ്യേയുണ്ട്. യാക്കോബായ സഭ, മാർത്തോമ സഭ, **C S I** സഭ **L M S** സഭ, ബ്രദൺസഭ, **C P M** സഭ (സിലോൺ പെന്തക്കോസ്ത മിഷ്യൻ സഭ), ഇന്ത്യൻ പെന്തക്കോസ്ത മിഷ്യൻ സഭ തുടങ്ങിയവ ഇതിനു ഉദാഹരണങ്ങളാണ്. ഞാൻ എടുത്തു പറയാത്ത പല സഭാ വിഭാഗങ്ങളും ഇന്നും ലോകത്തിന്റെ പല മുക്കിലും മൂലയിലും കണ്ടേക്കാം. ഇവയെകുറിച്ചു പഠിച്ചാൽ ഞാൻ വിശദമായി എഴുതിയ സഭാ വിഭാഗങ്ങളിൽ നിന്നും ആവിർഭവിച്ചതാണെന്നും ബൈബിളിൽ നിന്നും വളരെ അകലെയായി സ്ഥിതി ചെയ്യുന്നുവെന്നും മനസ്സിലാക്കുവാൻ സാധിക്കും. അതിനാൽ ഞാൻ ഇത്തരം സഭകളെകുറിച്ചു കൂടുതൽ വിശദീകരിക്കുവാൻ ഒരുമ്പെടുന്നില്ല.

എന്നാൽ ക്രിസ്തുവിന്റെ ഉപദേശങ്ങളും കല്പനകളും ഉൾക്കൊള്ളുന്ന ബൈബിളിനു മാത്രം ഊന്നൽ കൊടുത്തുകൊണ്ടു, ക്രിസ്തുസ്ഥാപിച്ച അതേ സഭയുടെമാത്രം പ്രവർത്തനങ്ങൾ സ്വീകരിച്ചുകൊണ്ടു, ലോകജനതക്കു മനസ്സാ വാചാ കർമ്മണാ ക്രിസ്തുവിനെ കാണിച്ചു കൊടുത്തു കൊണ്ടു, സഭയുടെ തലവനായ, മണവാളനായ ക്രിസ്തുവിന്റെ നാമം മാത്രം ധരിച്ചു കൊണ്ടു പ്രവർത്തിക്കുന്ന ക്രിസ്തു സഭയുടെ പഠനങ്ങളെ കുറിച്ചു ഇപ്പോൾ ഞാൻ എഴുതുവാൻ ശ്രമിക്കുന്നു. ഇതു ക്രിസ്തുവിന്റെ സത്യസഭയാണോ അല്ലയോ എന്നു ഞാൻ അഭിപ്രായം രേഖപ്പെടുത്തുന്നില്ല. കാരണം അതിനുള്ള അവകാശം ഞാൻ സ്വീകരിക്കുന്നില്ല. സഭയുടെയും ബൈബിളിന്റെയും പഠനങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങൾ തന്നെ സ്വയം ആലോചിച്ചു തീരുമാനം എടുക്കുക.

ബൈബിൾ സംസാരിക്കുന്നതു മാത്രം സംസാരിച്ചു കൊണ്ടും ബൈബിൾ നിശ്ശബ്ദത പാലിക്കുന്ന കാര്യങ്ങളിൽ നിശ്ശബ്ദത പാലിച്ചുകൊണ്ടും സഭ അവളുടെ പഠനങ്ങൾ ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു. സഭയുടെ പഠനങ്ങൾ നിങ്ങളുടെ അറിവിനും നിരീക്ഷണത്തിനും വേണ്ടി താഴെ വിവരിക്കുന്നു. അവ ബൈബിൾ പഠനങ്ങളുമായി താരതമ്യം ചെയ്തു സത്യം കണ്ടെത്തുക.

I മനുഷ്യനു വിശ്വാസം ഉണ്ടായിരിക്കണം.

1) കേൾവിയാൽ നമുക്കു വിശ്വാസം ലഭിക്കുന്നു. (റോമ 10:16, 17; മർക്കൊ 16:15, 16) വിശ്വാസം അത്ഭുതകരമായി നൽകപ്പെടുന്ന ഒന്നല്ല.

(തുടരും)

# യേശുവിൻെറ സാന്നിദ്ധ്യത്തിൽ കൂടിയുള്ള സമാധാനം

ഇന്നത്തെ ദിനപ്പത്രങ്ങൾ ഏതു തന്നെ എടുത്തു നോക്കിയാലും നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന മിക്കവാറും ഉള്ള എല്ലാ തലക്കെട്ടുകളും യുദ്ധങ്ങളെപ്പററിയും വിപ്ലവങ്ങളെപ്പററിയും അക്രമങ്ങളെപ്പററിയും ഉള്ളവയാണ്; രാഷ്ട്രങ്ങൾ തമ്മിൽ ആധിപത്യത്തിനു വേണ്ടി പോരാടുമ്പോൾ വിദ്യാഭ്യാസവും സമ്പത്തും ഉള്ള അനേക കുടുംബങ്ങളിലെ ചെറുപ്പക്കാർ തോക്കിനെക്കാൾ ശക്തിമത്തായ മയക്കു മരുന്നുകൾക്കും മററും അടിമപ്പെടുന്നു. ഇപ്രകാരം ഭവനങ്ങളിലും സമൂഹങ്ങളിലും രാഷ്ട്രങ്ങളിലും ലോകത്തിലാകമാനവും അസമാധാനവും ദുഷ്ടതയും നിറഞ്ഞു നിൽക്കുമ്പോൾ യേശുവിൻെറ സാന്നിദ്ധ്യത്തിൽ കൂടി ലഭിക്കുന്ന സമാധാനത്തെപ്പററി പറഞ്ഞു ഫലിപ്പിക്കുക എന്നുള്ളത് തികച്ചും പ്രയാസമുള്ള ഒരു ദൗത്യമാണ്. നാം ജീവിക്കുന്ന ഈ ലോകത്തിലേക്കു നോക്കുമ്പോൾ ഉത്തരം കണ്ടെത്താൻ പ്രയാസമുള്ള അനേകം ചോദ്യങ്ങൾ നമ്മുടെ ചുററുപാടും കാണുവാൻ സാധിക്കും. ഇത്ര പ്രശ്ന മുഖരിതമായ ഒരു കാലയളവ് ഇതിനു മുൻപ് ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. സമാധാനം എന്ന വാക്കിൻെറ അർത്ഥമെന്താണ്? ഭിന്നിപ്പിൻേറയും വിചാരപ്പെടലിൻേറയും ഭയത്തിൻേറയും ഉൽക്കണ്ഠയുടേയും നേരെ വിപരീതമാണ് സമാധാനം എന്നു നമുക്കറിയാം. ഇതിൽ ഏതെങ്കിലും ഒന്ന് ഉണ്ടെങ്കിൽ അവിടെ സമാധാനം കാണുകയില്ല; സമാധാനം ഉണ്ടാകുവാൻ സഹായിക്കുന്ന വസ്തുതകൾ പൂർണ്ണമായ ആശ്രയം വിശ്വാസം അഥവാ ഉറപ്പ്, സന്തോഷം എന്നിവയാണ്. യേശുവിൻെറ സാന്നിദ്ധ്യത്തിൽ കൂടി ഇപ്രകാരമുള്ള സമാധാനം എങ്ങനെ കണ്ടെത്താം എന്നുള്ളതിനെപ്പററി ചുരുക്കമായി നമുക്ക് ചിന്തിക്കാം.

തൻെറ മരണത്തിനു തൊട്ടു മുൻപായി തന്നെ ആശ്രയിച്ചു തന്നോടൊപ്പം നടന്ന ശിഷ്യന്മാരുടെ തകർന്ന മാനസിക അവസ്ഥയെ കണ്ട് കൊണ്ട് യേശുക്രിസ്തു പറഞ്ഞ വാക്കുകൾ ലോകാവസാനം വരെ മനുഷ്യർക്ക് നഷ്ടപ്പെടാതെ വണ്ണം ദൈവാത്മാവ് കാത്തു സൂക്ഷിച്ചിട്ട്. ഈ അമൂല്യനിധി യോഹന്നാൻെറ സുവിശേഷം 14-ാം അദ്ധ്യായത്തിൽ നമുക്ക് വായിക്കാം. ശ്രദ്ധിക്കുക "നിങ്ങളുടെ

ഹൃദയം കലങ്ങിപ്പോകരുത് ദൈവത്തിൽ വിശ്വസിപ്പീൻ എന്നിലും വിശ്വസിപ്പീൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട് ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും.” തുടർന്ന് 16-ാം അദ്ധ്യായം 33-ാം വാക്യം ശ്രദ്ധിക്കുക “നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിനു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു. ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവീൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു”.

യേശു നൽകുന്ന സമാധാനം ലോകം വാഗ്ദാനം ചെയ്യുന്ന സമാധാനത്തിൽ നിന്നും ഏതുപ്രകാരം വ്യത്യസ്തമാണ് എന്നു നമുക്കു നോക്കാം. ഒന്നാമതായി ലോകം വാഗ്ദാനം ചെയ്യുന്ന സമാധാനം ബാഹ്യമായ പല വസ്തുതകളെ ആസ്പദമാക്കിയാണ് ഇരിക്കുന്നത്. സാമൂഹ്യ സാമ്പത്തിക ഘടകങ്ങൾ എല്ലാം ഇതിൽ ഉൾക്കൊള്ളുന്നു. ഉദാഹരണമായി നമ്മെ സ്നേഹിക്കുന്ന കുടുംബം. സുരക്ഷിതമായ ഒരു ഭവനം, ആരോഗ്യമുള്ള ഒരു ശരീരം, ശരിയായ സാമൂഹ്യബന്ധങ്ങൾ—ഇപ്രകാരമുള്ള അനേക കണ്ണികൾ ശരിയായ രീതിയിൽ യോജിച്ച് ഒരു ശൃംഗലയായി നമ്മെ ആവരണം ചെയ്തു നിൽക്കയാണെങ്കിൽ ഒരു പരിധിവരെ ലോകപ്രകാരമുള്ള സമാധാനം കണ്ടെത്തുവാൻ കഴിയും. എന്നാൽ അവിചാരിതമായി ഇവയിൽ ഏതെങ്കിലും ഒരു കണ്ണിപൊട്ടി പോയാൽ-ഉദാഹരണത്തിന് സാമ്പത്തിക ഭദ്രതയോ കുടുംബ ഭദ്രതയോ ഇല്ലാതായാൽ നമ്മെ അസമാധാനത്തിൽ നിന്നും സംരക്ഷിച്ച ആ കവചം അപ്പാടെ പ്രയോജന രഹിതമാകുകയും പ്രതികൂല ശരങ്ങൾ നമ്മെ നേരിട്ട് മുറിവേൽപ്പിക്കുകയും ചെയ്യും. ഈ അവസരത്തിൽ വെറും ഒരു ലൗകികനായ മനുഷ്യനെ സംബന്ധിച്ച് തീർത്തും നിസ്സഹായമായ ഒരു അവസ്ഥയിലേക്കാണ് അവൻ വഴുതി വീഴുന്നത്.

ലോകം നൽകുന്ന ഈ സമാധാനം അതുകൊണ്ട് നിലനിൽക്കുന്ന ഒന്നല്ല എന്ന് ചിന്തിക്കുന്ന ഏവർക്കും മനസ്സിലാക്കാം. നാം മുൻപറഞ്ഞ അനുകൂല സാഹചര്യങ്ങൾ എല്ലാം ഒരുത്തർക്കും എന്നും ഒരുപോലെനിലനിന്നു എന്നു വരികയില്ല. ഇതിൽ നിന്നു ലോകം നൽകുന്ന സമാധാനത്തിന്റെ താൽക്കാലികത നമുക്കു മനസ്സിലാക്കാം.

ഈ സമാധാനത്തിന്റെ മറ്റൊരു പ്രത്യേകത എല്ലാവർക്കും ഒരുപോലെ ലഭ്യമാകുന്നതല്ല എന്നുള്ളതാണ്. ശരിയായ സമയത്ത്, ശരിയായ സ്ഥലത്ത്, ശരിയായ അവസ്ഥയിൽ ചെന്നുപെടുന്ന ചി

ലർക്കു മാത്രമേ നാം മുൻപു പറഞ്ഞ അനുകൂല സാഹചര്യങ്ങൾ എല്ലാം ഒത്തു കിട്ടുകയുള്ളൂ. അതും താൽക്കാലികമെന്ന് നാം കണ്ടു കഴിഞ്ഞു.

ഇതിനെ അപേക്ഷിച്ചു ക്രിസ്തു വാഗ്ദാനം ചെയ്ത സമാധാനം എന്തെന്ന് നമുക്കു നോക്കാം. ഒന്നാമതായി ബാഹ്യമായ വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയല്ല യേശുക്രിസ്തുവിൽ കൂടിയുള്ള സമാധാനം. ഇത് ആന്തരികവും ഉള്ളിൽ നിന്നും ശക്തി പ്രാപിച്ചു നമ്മുടെ മനസ്സിനേയും ശരീരത്തിനേയും ബലപ്പെടുത്തുന്ന ഒരു പ്രതിഭാസമത്രേ. നിങ്ങൾ വിലകൂടിയ ആഭരണത്തിലോ മനോഹരമായ ഒരു വീട്ടിലോ മറ്റെന്ത് ഭൗതീകമായി കാംക്ഷിക്കത്തക്ക വസ്തു വകയിലോ നിന്ന് ആന്തരീകമായ ഒരു സമാധാനം ആവാഹിച്ചെടുക്കാൻ സാധ്യമല്ല. കാരണം ഇവയൊന്നും തന്നെ നമ്മുടെ വ്യക്തിത്വത്തിൻെറ അകത്തേക്ക് പ്രവേശിക്കുവാൻ സാധിക്കുന്നില്ല. അതായത് നമ്മുടെ തൊലിക്കുള്ളിലേക്ക് ഇവയൊന്നും തന്നെ പ്രവേശിക്കുവാൻ സാധിക്കുന്നില്ല. എന്നാൽ ക്രിസ്തു വാഗ്ദത്തം ചെയ്തിട്ടുള്ള സമാധാനം ഏതു വ്യത്യസ്ത സാഹചര്യങ്ങളിലും ഒരുപോലെ നമ്മുടെ ഉള്ളിൽ വസിക്കാവുന്നതാണ്. കാരണം നശിച്ചുപോകുന്നതും താൽക്കാലികവുമായ ഘടകങ്ങൾ അല്ല ഈ സമാധാനത്തിന് അടിസ്ഥാനമായിട്ടുള്ളത്.

മൂന്നാമതായി യേശുവിനെ കർത്താവായി, നാഥനായി തങ്ങളുടെ ജീവിതത്തിൽ അവരോധിക്കുവാൻ തീരുമാനിക്കുന്ന ഏവർക്കും ഒരുപോലെ ഈ സമാധാനം ലഭ്യമാണ്. അവരുടെ ജീവിതത്തിൽ കാണാത്തതായിട്ടുള്ള ചില വസ്തുതകൾ എന്തെല്ലാമാണെന്നു നമുക്കു പരിശോധിക്കാം. യേശുവിൽ കൂടി, സമാധാനം കണ്ടെത്തിയവരിൽ ആന്തരീകമായ ഭിന്നിപ്പ് കാണുകയില്ല. മനുഷ്യനെ സംബന്ധിച്ച് അവൻെറ മാനസീക സമാധാനത്തിന് ഏറ്റവും ആവശ്യമായിട്ടുള്ളത് തൻെറ സൃഷ്ടാവായ ദൈവവുമായുള്ള നിരപ്പിൻെറ അനുഭവമാണ്. എഫേസ്യർക്കെഴുതിയ ലേഖനം രണ്ടാം അദ്ധ്യായം 11 മുതൽ 18 വരെയുള്ള വാക്യങ്ങളിൽ യേശു ക്രിസ്തുവുമായുള്ള ബന്ധത്തിൽ കൂടിയാണ് ദൈവീകസമാധാനം കണ്ടെത്തുവാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അതായത് മനുഷ്യർ പാപം ചെയ്തപ്പോൾ ദൈവവുമായുള്ള ബന്ധത്തിൽ നിന്ന് അവർ വേർപെട്ടുപോയി ഈ വേർപാടിന് പരിഹാരമായി തീർന്ന ഏക വസ്തുത പാപ പരിഹാരമായി ക്രൂശിന്മേൽ ചൊരിഞ്ഞ ദൈവപുത്രനായ ക്രിസ്തുവിൻെറ രക്തമാണ്. വിശ്വാസത്താൽ ഒരുവൻ സുവിശേഷത്തെ അനുസരിച്ച് തൻെറ കഴിഞ്ഞ കാല പാപങ്ങൾ കഴുകി കളയുമ്പോൾ തൻെറ സൃഷ്ടാവായ ദൈവവുമായി ഒരിക്കൽ കൂടി അവർ നിരക്കപ്പെടുന്നു. മാത്രമല്ല തൻെറ

തുടർന്നുള്ള ജീവിതത്തിൽ ആത്മാർത്ഥമായി ക്രിസ്തുവിന്റെ പാതയിൽ കൂടി ജീവിക്കുവാൻ ശ്രമിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ഏകമദ്ധ്യസ്ഥതയിൽ കൂടി അറിഞ്ഞോ അറിയാതെയോ അവന്റെ ജീവിതത്തിൽ വന്നു പോയേക്കാവുന്ന തെററുകുററങ്ങൾ തുടർച്ചയായി ക്ഷമിച്ചുകിട്ടുകയും ചെയ്യുന്നു. ഇപ്രകാരം ദൈവവുമായുള്ള ഒരു നിരപ്പിന്റെ അനുഭവമാണ് ആദിമ ക്രിസ്ത്യാനികളെ മഹാപീഢനങ്ങളുടേയും കഷ്ടപ്പാടുകളുടേയും നടുവിൽ സന്തോഷത്തോടും സമാധാനത്തോടും കൂടി നിലനിൽക്കുവാൻ സഹായിച്ചത് "അവനിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തിരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തേയും അവനെ കൊണ്ട് തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി". (കൊലോസ്യർ 1:19,20).

ഇപ്രകാരം ദൈവവുമായിട്ടുള്ള നിരപ്പിന്റെ അനുഭവം നമ്മുടെ സഹോദരങ്ങളുമായിട്ടുള്ള ഇടപാടിലും പ്രകടമാകുന്നതാണ്. നാം പാപികളായിരുന്നപ്പോൾ ദൈവം നമ്മെ സ്നേഹിച്ച് നമ്മോടു ക്ഷമിച്ചു നമ്മെ സ്വീകരിച്ച് യാഥാർത്ഥ്യം മനസ്സിലാക്കി കഴിയുമ്പോൾ അതേ മാനദണ്ഡത്തോടു കൂടി മററുള്ളവരുടെ കുറവുകളെ നമുക്ക് കാണുവാൻ സാധിക്കുകയും അവരെ സ്നേഹിക്കുവാനും അവരോട് ക്ഷമിക്കുവാനും അവരെ സ്വീകരിപ്പാനും ഉള്ള ഉൽകൃഷ്ട മനഃസ്ഥിതി നമുക്ക് ഉണ്ടാകുകയും ചെയ്യും. മനുഷ്യർക്ക് ഇപ്രകാരം അന്യോന്യം സമാധാനമായി ജീവിക്കുവാൻ ഒരു അവസരം സൃഷ്ടിക്കപ്പെടുകയത്രേ ചെയ്യുന്നത്.

അടുത്തതായി യേശുവിൽ കൂടിയുള്ള സമാധാനം കണ്ടെത്തിയ ഒരു വ്യക്തിയെ സംബന്ധിച്ച് വിചാരപ്പെടുന്നതിന്റേയും ഉൽക്കണ്ഠയുടേയും ആവശ്യമല്ല ലോകപ്രകാരമുള്ള ഒരു വ്യക്തിയെ സംബന്ധിച്ച് വിചാരപ്പെടുന്നതും ഉൽക്കണ്ഠാകുലനാകുന്നതും തികച്ചും സ്വാഭാവികമാണ്. അതിൽ അവനെ കുററം പറയേണ്ടതായിട്ടില്ല എന്നാൽ അവനെ സംബന്ധിച്ച് മനസ്സിലാക്കേണ്ടത് അവന്റെ ഓരോ ആവശ്യങ്ങളും നോക്കിക്കണ്ട് അവനുവേണ്ടി കരുതുവാൻ എപ്പോഴും സന്നദ്ധനായിരിക്കുന്ന ഒരു സ്വർഗ്ഗസ്ഥനായ പിതാവ് ജീവിക്കുവാൻ വസ്തുതയാണ്. ദൈവത്തിന്റെ വഴികൾക്കു കീഴടങ്ങി ജീവിക്കുവാൻ തയ്യാറുള്ള ഏവർക്കും ഈ വാഗ്ദാനം ലഭ്യമാണ്.

(തുടരും)

(10-ാം പേജിന്റെ തുടർച്ച)

ണ്ടി. ഞങ്ങൾ നിരന്തരം പ്രാർത്ഥിക്കാം. ദൈവം നിങ്ങളുടെ ആത്മാവിന്റെ രക്ഷക്കായി ചെയ്യ്വാൻ പറഞ്ഞിരിക്കുന്നത് അനുസരിക്കുക.

ഭാര്യ, മക്കൾ, കൊച്ചുമക്കൾ എന്നിവർ ഇത്തരം നിസ്സഹായനും നിരാലംബനുമായ ഒരു വ്യക്തിയെ സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനും, അദ്ദേഹത്തിന്റെ ആവശ്യങ്ങൾ ചോദിച്ചറിഞ്ഞു നിറവേററാനും ശ്രമിക്കണം. അദ്ദേഹവും കുടുംബത്തിനു ആവശ്യമാണ്. ദൈവം നിങ്ങളെ എല്ലാവരേയും യോജിപ്പിക്കട്ടെ.

# ഒരു ഭാര്യയുടെ ഉത്തരവാദിത്വങ്ങൾ

K. J. തോമസ്

യേശുവിന്റെ സാന്നിദ്ധ്യം അനുഭവിക്കുന്ന ഒരു വീട്ടിൽ എപ്രകാരം ഒരു പുരുഷൻ തന്റെ ഭാര്യയോട് പെരുമാറുന്നതിൽ ശ്രദ്ധിക്കണമോ അതുപോലെ തന്നെ സ്ത്രീയും തന്റെ ഭർത്താവിനോട് ഇടപെടുന്നതിൽ ശ്രദ്ധിക്കണം. പുരുഷൻ ഒരു പക്ഷെ പല കാരണങ്ങൾകൊണ്ടും ചീത്ത ആളായിരിക്കാം. എന്നാലും ഒരു സ്ത്രീ തന്റെ ഭർത്താവിനെ സ്നേഹിക്കാതിരിക്കുവാൻ പാടുള്ളതല്ല. ചില ഭാര്യമാർ ഭർത്താവിന്റെ കുറവുകൾ പറയുന്നത് അയൽവാസികളോടായിരിക്കും (സ്ത്രീകളോട്), എന്തൊക്കെയാണ് പറയുന്നതെന്ന് അവർക്കു തന്നെ നിശ്ചയമുണ്ടാവില്ല.

സ്വന്തം ഭർത്താവിനെക്കുറിച്ച് മററുള്ളവരുടെ മുമ്പിൽ കുററം ചുമത്തി താഴ്ത്തിക്കെട്ടുന്നത് ഒരു സ്നേഹമുള്ള ഹൃദയത്തിന്റെ പ്രവർത്തി അല്ല എന്ന് നമുക്ക് മനസ്സിലാക്കാം. സൽസ്വഭാവമുള്ള ഒരു ഭാര്യയ്ക്ക് മാററിയെടുക്കാൻ കഴിയാത്ത ഒരു ഭർത്താവും ഉണ്ടാവില്ലെന്നാണ് എന്റെ അഭിപ്രായം.

ഭാര്യ ഭർത്താവിന്റെ എല്ലാ ചെറുതും വലുതുമായ കാര്യങ്ങളിൽ ശ്രദ്ധയുള്ളവളായിരിക്കണം. ഭർത്താവിന്റെ ഭാരങ്ങളെയും ദു:ഖങ്ങളെയും ബുദ്ധിമുട്ടുകളെയും കുറിച്ച് ശ്രദ്ധവെച്ചു കേൾക്കുവാൻ ഒരു ഭാര്യ തീർച്ചയായും ശ്രമിക്കേണ്ടതാണ്. ഭർത്താവ് ജീവിത പങ്കാളിയായ ഭാര്യയോടല്ലാതെ ആരോടാണ് തന്റെ വേദനകളും യാതനകളും പറയുക?

ഒരു ഭാര്യ വീട്ടിലെ എല്ലാ ക്രമീകരണങ്ങളെകുറിച്ചും അതീവ ശ്രദ്ധയുള്ളവളായിരിക്കണം. ഭാര്യ നിർവ്വഹിക്കേണ്ട കാര്യങ്ങൾ വേലക്കാരിക്ക് വിട്ടുകൊടുക്കുന്നത് ശരിയായ രീതിയല്ല.

കുഞ്ഞുങ്ങൾക്കും അവരുടെ അച്ഛനും ആഹാരം തയ്യാറാക്കി കൊടുക്കുന്നതിനുള്ള ഉത്തരവാദിത്വം ഭാര്യക്കുണ്ട്. "നിങ്ങളെക്കാൾ കൂടുതൽ ശമ്പളം എനിക്കുണ്ട്. ഞാനാണ് ഭർത്താവിന്റെ സ്ഥാനത്ത് ഇപ്പോൾ" എന്നു പറയുന്ന സ്ത്രീകളുണ്ടെങ്കിൽ തീർച്ചയായും അത് യേശുക്രിസ്തുവും ദൈവവചനവും സമ്മതിക്കുന്ന ഒരു കാര്യമല്ല എന്ന് ഓർത്താൽ നന്ന്.

ഭർത്താവിനെ സ്നേഹിച്ചാദരിച്ച് ശുശ്രൂഷിപ്പാൻ കഴിയുന്നവളായിരിക്കണം ഭാര്യ. യേശു വസിക്കുന്ന വീട്ടിൽ കർത്തവ്യം നിർവ്വഹിക്കുന്ന ഭർത്താവും ഭാര്യയും മക്കളും ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്.

ഭാര്യയെ സഹായിക്കാൻ സൻമനസ്സുള്ള ഭർത്താവും, ഭർത്താവിനെ സഹായിക്കാൻ സൻമനസ്സുള്ള ഭാര്യയും ഉണ്ടായാലേ ഒരു വീട്ടിൽ സ്വൈര്യവും സമാധാനവും നിലനിൽക്കുകയുള്ളൂ, അങ്ങനെയുള്ള വീടുകളിൽ മാത്രമേ യേശു വസിക്കുകയുള്ളൂ.

കുടുംബജീവിതം സമാധാനപൂർണ്ണമാക്കുവാൻ ഇരുപക്ഷവും ഒന്നിച്ച് സഹകരിച്ച് പ്രവർത്തിക്കണം. വിട്ടുവീഴ്ച്ചക്കു തയ്യാറായി വേണം പ്രശ്നങ്ങളെ നേരിടുവാൻ. തുല്യമായ പങ്കാളിത്തം ഏറ്റെടുക്കുകയാണെങ്കിൽ മത്സരമോ ശണ്ഠയോ ഒഴിവാക്കാം. നമ്മുടെ എല്ലാ വീടുകളിലും ഇതു പ്രായോഗികമാക്കാൻ ദൈവം സഹായിക്കട്ടെ.

# ഇതു മനസിലാക്കു

**കെ. ജി. ജോസ്**

മനുഷ്യരോടുള്ള ദൈവത്തിന്റെ ഏക വെളിപ്പാടായ ബൈബിളിൽ പഴയ നിയമത്തിൽ യെഹൂദൻമാരോട് ഉൽസവമായി ആഘോഷിക്കാൻ പറഞ്ഞതാണ് പെസഹ. "യേശുക്രിസ്തു പറയുന്നത് എന്തെന്നാൽ.

"ആമേൻ, ആമേൻ" ഞാൻ നിങ്ങളോടു പറയുന്നത് മോഷണം ചെയ്യുന്ന വ്യക്തിയെ കള്ളൻ എന്നാണല്ലോ വിളിക്കുന്നത്. അവരെ തീയിൽ ഇട്ടു ചുട്ടുകളയുകയും കല്ലെറിയുകയും ചെയ്തു. ഇതു വളരെ കഠിനമായ ശിക്ഷയായി പോയി എന്ന് ഒരു പക്ഷേ ചിലർ വിചാരിച്ചേക്കാം. എന്നാൽ അവൻ ചെയ്ത കുററത്തെക്കുറിച്ച് ഒന്ന് ഓർമ്മിച്ചു നോക്കുക. മോഷണമോ മറേറതു തരത്തിലുള്ള പാപമായാലും കുററം ചെയ്യുന്നവൻ അപ്പോൾ അല്ലെങ്കിൽ ഭാവിയിൽ ശിക്ഷിക്കപ്പെടും എന്നതു തർക്കമററ കാര്യമാണ്. അതിൽ നിന്നും ഒഴിഞ്ഞുമാറാവുന്നതല്ല. ഒരാൾ പാപം ചെയ്യുവാൻ തീരുമാനിക്കുന്നതിനു മുൻപ് അതിന്റെ ഫലം അനുഭവിക്കാൻ ഒരുക്കമാണോ എന്നു സ്വയം ചോദിക്കുക. അതിനു തയ്യാറില്ലെങ്കിൽ ആ തെററു ചെയ്യാതിരിക്കുകയാണ് നല്ലത്. ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്തവായ യേശുക്രിസ്തുവിൻ നിത്യജീവൻ തന്നേ. പന്ത്രണ്ട് അപ്പൊസ്തലൻമാരിൽ ഒരാളായിരുന്നു, പണ സഞ്ചി സൂക്ഷിച്ചിരുന്നവനുമായിരുന്നു. പിന്നീട് അവൻ മുപ്പതു വെള്ളിക്കാശിനു ക്രിസ്തുവിനെ ഒററിക്കൊടുക്കുകയാണു ചെയ്തത്.

എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്നു എഴുതിയിരിക്കുന്നു. നിങ്ങളോ അതിനെ കള്ളൻമാരുടെ ഗുഹയാക്കിത്തീർക്കുന്നു എന്നു പറഞ്ഞു. ദൈവം പറഞ്ഞിരിക്കുന്നത് അവനവൻ തന്റെ ഹൃദയത്തിൽ നിശ്ചയിച്ചതു പോലെ കൊടുക്കട്ടെ എന്നാണ്. മലാഖിയുടെ പുസ്തകത്തിൽ നാം വായി

ക്കുന്നതു പോലെ ഒരിക്കലും ദൈവത്തെ തോൽപ്പിക്കരുത്. അവൻ സർവ്വശക്തനും ദായകനും ആകുന്നു. അപ്പൊസ്തലനായ പൗലോസ് പറയുന്നത്. "കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന്നു ദാനം ചെയ്‌വാൻ ഉണ്ടാകേണ്ടതിനു കൈകൊണ്ടു നല്ലതു പ്രവൃത്തിച്ച് അദ്ധ്വാനിക്കയത്രേ വേണ്ടത്: ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയത്തിൽ വാഴട്ടെ എന്നാണ് അപ്പൊസ്തലനായ പൗലോസ് പറഞ്ഞിരിക്കുന്നത്. എന്നാൽ കല്ലിൽ അക്ഷരമായി കൊത്തിയിരുന്ന മരണ ശുശ്രൂഷ നീക്കം വരുന്നതായ മോശെയുടെ മുഖ തേജസ്സു നിമിത്തം യിസ്രായേൽ അവന്റെ മുഖത്തു നോക്കി കൂടാതവണ്ണം തേജസ്സുള്ളതായെങ്കിൽ ആത്മാവിന്റെ ശുശ്രൂഷ അധികം തേജസ്സുള്ളതാകയില്ലയോ. ശിക്ഷാവിധിയുടെ ശുശ്രൂഷ തേജസ്സാകുന്നു എങ്കിൽ നീതിയുടെ ശുശ്രൂഷ തേജസ്സേറിയതായിരിക്കും. അതേ തേജസ്സോടുകൂടിയതു ഈ കാര്യത്തിൽ ഈ അതി മഹത്തായ തേജസ്സു നിമിത്തം ഒട്ടും തേജസ്സില്ലാത്തതായിരുന്നു.

യേശുവിന്റെ സൗന്ദര്യവും അത്ഭുതസ്നേഹവും നിങ്ങളുടെ ഹൃദയങ്ങളിൽ മിന്നി തിളങ്ങട്ടെ, നമ്മുടെ നല്ല ഇടയനായ യേശുക്രിസ്തുവിനെ അനുഗമിക്കാം. അവൻ നല്ലവഴികളിലൂടെ നടത്തുകയും ജീവങ്കലേക്കു പൊങ്ങി വരുന്ന നീരുറവായിത്തീരുകയും ചെയ്യുമാറാകട്ടെ. ബൈബിളിന്റെ അടിസ്ഥാനത്തിൽ മാത്രം പഠനവും വ്യാഖ്യാനവും നടത്തുന്നവർ വ്യാജപ്രവാചകൻമാരും അന്തിക്രിസ്തുമാരും ആകുമോ? ആകുകയില്ല എങ്കിൽ ആരെയാണ് സൂക്ഷിക്കുവാൻ ക്രിസ്തു പറഞ്ഞിരിക്കുന്നത്. ക്രിസ്തുവിന്റെ ഓർമ്മക്കായി നാം അതു ചെയ്യുമ്പോൾ ക്രിസ്തു ശാരീരികമായി അവിടെ കാണുന്നില്ലാ.' ക്രിസ്തുവിന്റെ സഭയെ എതിർക്കുകയോ, സ്നേഹിക്കാതിരിക്കുകയോ ചെയ്താൽ അതിന്റെ അർത്ഥം, നാം ക്രിസ്തുവിനെതള്ളി പറയുന്നു എന്നതാണ്. കൂരിരുൾ താഴ്‌വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ. എന്റെ ശത്രുക്കൾ നിമിത്തം നീതിയിൽ എന്നെ നടത്തേണമേ.

എനിക്കു അനുകൂലമല്ലാത്തവൻ എനിക്കു പ്രതികൂലമല്ലോ. എന്നോടുകൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു എന്ന രക്ഷകന്റെ മുന്നറിയിപ്പ് എത്രപേർ മനസിലാക്കി പ്രവർത്തിക്കുന്നു?

പ്പാടുകളുമായിരുന്നു. ആർക്കും മനസിലാകാത്ത അപ ശബ്ദമായിരുന്നില്ല അത്.

അന്ന് യെരുശലേമിൽ വരുന്നവർ ഒന്നിലധികം ഭാഷകൾ സംസാരിക്കുന്നവർ ആയിരിക്കുമെന്നും അവർക്കെല്ലാം സുവിശേഷം മനസിലാക്കുകയും വേണം എന്ന ഉദ്ദേശം കർത്താവ് നിവർത്തിക്കുകയാണ് ഇതിലൂടെ ചെയ്തത്. അങ്ങനെ ദൈവവചനം കൂടുതൽ വേഗത്തിൽ വ്യാപിക്കുകയും ചെയ്യേണ്ടിയിരുന്നു. അതുകൊണ്ട് പ്രാദേശിക സംസാര ഭാഷകളിൽ ദൈവ വചനഘോഷണം നടത്തുവാൻ വേണ്ട കഴിവ് അപ്പൊസ്തലൻമാരിൽ ദൈവം കൊടുക്കുകയായിരുന്നു. ദൈവത്തിന്റെ ശക്തി നേരിട്ടു മനസിലാക്കുവാൻ അവർക്ക് ആ സംഭവം വഴിയൊരുക്കുകയുണ്ടായി. അമ്പരന്നു പോയ ജനത്തോട് പത്രോസ് സംഭവിച്ചത് ദൈവികമാണെന്ന് അവർക്ക് തെളിയിച്ചു കൊടുക്കുന്നുമുണ്ട്.

അപ്പൊസ്തല പ്രവൃത്തി 10-ാം അദ്ധ്യായത്തിൽ പത്രോസ് കൊർന്നേല്യോസ് എന്ന ശതാധിപനോട് സുവിശേഷം പ്രസംഗിച്ചു. അവനോടും അവന്റെ കുടുംബത്തോടും പറയുകയുണ്ടായി. പത്രോസും കൂടെയുള്ളവരും യെഹൂദൻമാരായിരുന്നു. എന്നാൽ കൊർന്നേല്യോസും കുടുംബവും ജാതികളിൽ പെട്ടവരായിരുന്നു. രണ്ട് കൂട്ടരേയും ഒന്നിപ്പിക്കുന്നതിന് ഒരു ദൈവിക ഇടപെടൽ ഉണ്ടായിരുന്നു കൂടാതെ യെഹൂദൻമാരോടൊപ്പം ജാതികളേയും ദൈവം അംഗീകരിച്ചിരിക്കുന്നു എന്ന് യഹൂദൻമാർക്കു തെളിയിച്ചു കൊടുത്തു. പരിശുദ്ധാത്മാവിന്റെ ശക്തിയും അന്യഭാഷകളിൽ സംസാരിക്കുന്നതിനുള്ള കഴിവും അടയാളമായി അവർക്ക് കാണിച്ചു കൊടുത്തു.

പ്രവൃത്തികളുടെ പുസ്തകം 19-ാം അദ്ധ്യായത്തിൽ നോക്കിയാൽ, യോഹന്നാന്റെ സ്നാനം ഏറ്റവരായ ഒരു കൂട്ടം ആളുകളോട് പൗലോസ് പ്രസംഗിക്കുന്നതായി കാണുന്നു. സുവിശേഷം കേട്ടതായ ഇവർ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽക്കുകയും ചെയ്തു. പൗലോസ് അവരുടെ മേൽ കൈവെച്ചപ്പോൾ അവരിൽ പരിശുദ്ധാത്മാവ് വരികയും അവർ മറുഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു. (പ്രവൃത്തി. 19:6) ഇവിടെയും അവർ സംസാരിച്ചത് മനസിലാകത്തക്ക ഒരു ഭാഷയായിരുന്നു.

അപ്പൊസ്തലൻമാരുടെ കൈവെപ്പിനാൽ പരിശുദ്ധാത്മ ശക്തി ലഭിച്ചവർക്കു വിവിധ ഭാഷകളുടെ, വ്യാഖ്യാനത്തിന്റെ, പ്ര

വചനത്തിന്റെ ആത്മീയ വരങ്ങൾ കിട്ടിയിരുന്നു. (1 കൊരിന്ത്യർ 12:10) ഇതു പൊതുപ്രയോജനത്തിനായി ദൈവംകൊടുത്ത ആത്മാവിന്റെ പ്രവർത്തനമായിരുന്നു.

1 കൊരിന്ത്യർ 14-ാം അദ്ധ്യായത്തിൽ, അറിയപ്പെടാത്ത ഭാഷയിൽ സംസാരിക്കുന്നതിനെ സംബന്ധിച്ച് പൗലോസ് തന്റെ സഹോദരൻമാരോടു പറയുന്നുണ്ട്: അവിടെ അവൻ പറയുന്നത് എന്താണ്? ആരെങ്കിലും അറിയപ്പെടാത്ത ഒരു ഭാഷയിൽ സംസാരിക്കുന്നതിനെ പററിയാണ് അവിടെ സൂചിപ്പിക്കുന്നത്. അതായത് ഒരാൾ സംസാരിക്കുന്നതായ മറേറതെങ്കിലും ഭാഷ തർജ്ജിമ ചെയ്യാൻ ആളില്ലെങ്കിൽ അത്തരം സന്ദർഭത്തിൽ ആ വ്യക്തി സംസാരിക്കാതിരിക്കുന്നതാണ് നല്ലതെന്ന് പറഞ്ഞിരിക്കുന്നു. ഇതിനെ ഊന്നി പറയുന്നതിന് "നിങ്ങൾ എല്ലാവരിലും അധികം ഞാൻ അന്യഭാഷകളിൽ സംസാരിക്കുന്നതുകൊണ്ട് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. എങ്കിലും സഭയിൽ പതിനായിരം വാക്കു അന്യഭാഷയിൽ സംസാരിക്കുന്നതിനേക്കാൾ അധികം മററുള്ളവരേയും പഠിപ്പിക്കേണ്ടതിന്നു ബുദ്ധികൊണ്ടു അഞ്ചുവാക്കു പറവാൻ ഞാൻ ഇച്ഛിക്കുന്നു. (1 കൊരിന്ത്യർ 14;18-19) എന്നു പറഞ്ഞിരിക്കുന്നു. മനസ്സിലാക്കാൻ കഴിയാത്ത അനേകഭാഷകളിൽ കൂടുതൽ സംസാരിക്കുന്നതിനേക്കാൾ മനസ്സിലാകുന്ന ഭാഷയിൽ കുറച്ചു പഠിപ്പിച്ചാലും അതു പ്രയോജനപ്പെടുമെന്നർത്ഥം. പൗലോസിന് തീർച്ചയായും അന്യഭാഷയിൽ സംസാരിക്കാനുള്ള ശക്തിയുണ്ടായിരുന്നു. എന്നാൽ ഈ ലേഖനം വായിക്കുന്നവർക്കു അതിനുള്ള കഴിവില്ലെന്നു അവനറിയാമായിരുന്നു. ആകയാൽ മററുള്ളവരുടെ പൊതു പ്രയോജനത്തിനായി നൽകുന്ന പ്രസ്താവനയാണിത്.

തുടർന്നു പൗലോസ് പ്രസ്താവിക്കുന്നതു നോക്കുക. അതുകൊണ്ട് അന്യഭാഷകൾ അടയാളമായിരിക്കുന്നതു വിശ്വാസികൾക്കല്ല അവിശ്വാസികൾക്കത്രെ. സഭ ഒക്കെയും ഒരുമിച്ചു കൂടി എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നുവെങ്കിൽ അത്വശമില്ലാത്തവരോ, അവിശ്വാസികളോ ആകത്തുവന്നാൽ നിങ്ങൾക്കു ഭ്രാന്തുണ്ടു എന്നു പറകയില്ലയോ? (1കൊരിന്ത്യർ 14:22-23) ഇന്ന് അന്യഭാഷകളിൽ സംസാരിക്കുവാൻ കഴിയുമെന്ന് അവകാശപ്പെടുന്നവർ മനസിലാക്കേണ്ടത്, ഈ മറുഭാഷ അടയാളമായിരിക്കുന്നതു വിശ്വാസികൾക്കല്ല; പിന്നെയോ, അവിശ്വാസികൾക്കാണ്. ദൈവജനങ്ങൾക്കിടയിൽ ആണ് നടക്കുന്നതെന്ന് പറയുമ്പോൾ അതു വചന വിരുദ്ധമായി തീരുന്നു. അവർ ഒരുപക്ഷേ പറയുമായിരിക്കും അന്യഭാഷ സഭയിലുള്ളവർക്കുവേണ്ടിയാണെന്നും അവിശ്വാസികൾക്കല്ലാ എന്നും. അങ്ങനെയാണെങ്കിൽ, അതു കർത്താവോ അപ്പൊസ്തലൻമാരോ പ്രസ്താവിക്കാത്ത കാര്യങ്ങളായി നമുക്കു കാണാം. മാ

നൂഷ്ടികമായ സിദ്ധാന്തങ്ങളെ ഒരിക്കലും നാം ആശ്രയിക്കരുത്.

എന്നാൽ അവിശ്വാസികൾക്ക് എന്തിനാണ് അന്യഭാഷ എന്നു ചോദിച്ചേക്കാം. അവിശ്വാസികളോടു അവരുടെ ഭാഷയിൽ സുവിശേഷം പറയുന്നതു അവർക്കു കൂടുതൽ മനസിലാകും. കൂടാതെ ദൈവജനത്തിൽ നടക്കുന്ന അത്ഭുത പ്രവർത്തികൾ അവർക്കു വിശ്വസിക്കുവാൻ പ്രോത്സാഹജനകമാവുകയും ചെയ്യും. അങ്ങനെ അവരുടെ സുവിശേഷഘോഷണം സ്വീകരിക്കുവാൻ കേൾക്കുന്നവർക്കു ഉത്തേജകമായി തീരുകയും ചെയ്യും. ഇന്നും അന്യഭാഷയിൽ സംസാരിക്കുവാൻ കഴിയുമെന്നു അവകാശപ്പെടുന്ന ആളുകൾ, പൗലോസിന്റെ ആത്മനിയോഗ പ്രകാരമുള്ള ആലോചന ശ്രദ്ധിക്കേണ്ടതാണ്. സഭ ഒരുമിച്ച് കൂടി വരുമ്പോൾ എല്ലാവരും അന്യഭാഷയിൽ സംസാരിക്കുന്നതു ഒരു അവിശ്വാസി കേട്ടാൽ, പറയുന്നവർക്കു മാനസികമായി എന്തോ കുഴപ്പമുണ്ടെന്നു തോന്നും. വിശ്വാസികളായ ആളുകൾ ഒരുമിച്ച് കൂടുമ്പോൾ അന്യഭാഷയുണ്ടെന്നു പറയുന്നവരുടെ മദ്ധ്യേ, ഇതൊന്നും അറിയാത്ത ഒരാൾ കടന്നു വന്നാൽ ഇവരെ പരിഹസിക്കുകയില്ലയോ? കൂടാതെ അവർ ദൈവ വചനത്തിൽ മറുഭാഷയെ കുറിച്ച് പറഞ്ഞിരിക്കുന്ന സത്യം മനസിലാക്കുമ്പോൾ ഇക്കൂട്ടരുടേതു ദൈവിക പരിജ്ഞാനത്തിലുള്ള അപക്വതയും വെറും അപ ശബ്ദങ്ങളും മാത്രമായിരുന്നു എന്നു മനസിലാക്കും.

1 കൊരിന്ത്യർ 13:81-ൽ അപ്പൊസ്തലനായ പൗലോസ്, അന്യഭാഷ അഥവാ മറുഭാഷ സംസാരിക്കുന്ന വരം നിന്നു പോകും എന്നു വ്യക്തമാക്കിയിരിക്കുന്നു. ഇതിൽ അവൻ അർത്ഥമാക്കിയതെന്താണ്? നാം ധൃതഗതിയിൽ സംസാരിക്കുന്ന നമ്മുടെ മാതൃഭാഷയെ കുറിച്ചോ അല്ലെങ്കിൽ നാം അദ്ധ്യാനിച്ച് പഠിക്കുന്ന മറ്റേതൊരു ഭാഷയെ സംബന്ധിച്ചോ അല്ലാ അവിടെ നിന്നു പോകുമെന്നു പറഞ്ഞിരിക്കുന്നത്, പിന്നെയോ പരിശുദ്ധാത്മശക്തിയാൽ മനുഷ്യർ മറ്റു ഭാഷകളിൽ സംസാരിക്കുന്നതു നിന്നു പോകും എന്നാണ്. പുതിയ നിയമം പൂർണ്ണമായി എഴുതപ്പെടുമ്പോൾ അതുപോലെയുള്ള മറ്റു അത്ഭുതകരമായ വരങ്ങളെല്ലാം നിന്നുപോകുമെന്നാണ് വിവക്ഷിക്കുന്നത്. പുതിയ നിയമം, സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ പ്രമാണമാണ് (1കൊരിന്ത്യർ 13:10; യാക്കോബ് 1:25; 2 തിമൊഥെയോസ് 3: 16-17). പുതിയ നിയമം എപ്പോൾ പൂർണ്ണമായി നൽകപ്പെട്ടുവോ അപ്പോൾ മുതൽ അപ്പൊസ്തലന്മാരാലോ അവരുടെ കൈ വെയ്പ് ലഭിച്ചവരാലോ അത്ഭുതം നടത്തി വിശ്വസിപ്പിക്കേണ്ട ആവശ്യം വരുന്നില്ല. കാരണം വചനത്തിലാണ് ഇപ്പോൾ ദൈവത്തിന്റെ ശക്തി (റോമർ 1;16). പിന്നെ ഇപ്പോൾ എങ്ങനെ ആളുകൾ വിശ്വസിക്കും? സു

വിശേഷം കേൾക്കുക, ബൈബിൾ വായിക്കുക, മനസ്സിലാക്കുക. അതുകൊണ്ടാണ് പൗലോസ് പറഞ്ഞത്, വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു എന്ന് (റോമർ 10:17).

എന്റെ സ്നേഹിതരേ, അത്ഭുതകരമായ അന്യഭാഷാ സംസാരം ഇന്ന് ഇല്ല. അങ്ങനെ അവകാശപ്പെടുന്നവർ ഒരു ഭാഷയല്ല സംസാരിക്കുന്നത്. മറ്റു ഭാഷകൾ സംസാരിക്കുന്ന സ്ഥലത്ത് ഇവർ പോയാൽ ഒന്നുകിൽ ആ ഭാഷ അവർ പഠിച്ച് ആശയ വിനിമയം നടത്തുന്നു, അല്ലെങ്കിൽ ഭാഷ വശമുള്ള മറ്റൊരാളുടെ സഹായത്താൽ പരിഭാഷയോടെ മാത്രമേ സംസാരിക്കാൻ കഴിയൂ. ആകയാൽ ഇതുപോലെയുള്ള കാര്യങ്ങൾ ബൈബിളിനു അപമാനകരമാണ്. സ്വയം വഞ്ചിതരായ ആളുകൾ മറ്റുള്ളവരേയും വഞ്ചിതരാക്കുവാൻ ശ്രമിക്കുകയാണ്. അപ്രകാരം ചെയ്യുന്നതിന് പ്രത്യേക ഉദ്ദേശമില്ലെന്നു മാത്രമല്ല; ദൈവത്തെ ആദരിക്കുന്ന ഒന്നുമല്ല. അത്തരം ആളുകൾ നാമധേയ വിഭാഗങ്ങളിൽ മനുഷ്യ നിർമ്മിത ഉപദേശങ്ങളെ ആശ്രയിക്കുകയും പഠിപ്പിക്കുകയും ആണ് ചെയ്യുന്നത്. ദൈവം അത്ഭുതം പ്രവർത്തിക്കുമെങ്കിലും ഇവരിൽ ദൈവമോ പരിശുദ്ധാത്മാവോ പ്രവർത്തിക്കുകയില്ല. കാരണം അവർ ദൈവ വചനപ്രകാരം നിലകൊള്ളുന്നവരല്ല. അതുകൊണ്ട് എനിക്കു നിങ്ങളോടു താഴ്മയോടുകൂടെ അപേക്ഷിക്കുവാനുള്ളത്, ഇത്തരം വഞ്ചനാപരമായ ഉപായത്തിൽ നിങ്ങൾ കുടുങ്ങി യഥാർത്ഥ വിശ്വാസത്തിൽ നിന്നും അകന്നു പോകുവാൻ നിങ്ങളെ അനുവദിക്കരുത്. നിങ്ങളെ രക്ഷിക്കുന്നതിനു ദൈവം ഒരുക്കിയിരിക്കുന്ന സത്യവചനം മാത്രം നിങ്ങൾ അനുസരിക്കുക. ഏതൊരു കാര്യത്തിലായാലും വചനത്തെ അപഗ്രഥിച്ച് വേണം കൈക്കൊള്ളുവാൻ.

ഇന്നും അന്യഭാഷ ദൈവ ജനങ്ങളിൽ നടക്കുമായിരുന്നുവെങ്കിൽ സുവിശേഷം സർവ്വ ലോകത്തിലും സകല ജാതിയോടും പ്രസംഗിക്കുവാൻ പറയുമ്പോൾ വിശ്വാസം അത്ഭുതത്താൽ വരുന്നു എന്നു പറയേണ്ടിയിരുന്നു. അങ്ങനെ ബൈബിളിൽ പറഞ്ഞിട്ടില്ല.